Reg: No K. 31

തൊഴിലാളി

Founder Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വാരാന്ത്യപ്പതിപ്പ്

	പോസ്റ്റാഫീസ്	പോസ്റ്റാഫീസ്
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക് വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 106 | 1965 ഏപ്രിൽ 22 വ്യാഴം | തൃശ്ശൂർ | വില 7 പൈസ | പേജ് 4

മെയ്ണ്ട്ബാറൻ ഇന്ത്യ സന്ദർശിക്കുന്നു

[പി. ടി. ഐ] ന്യൂഡൽഹി, ഏ. 21

അഡ്മിറൽ മെയ്ണ്ട് ബാറൻപ്രഭുമെയ് 4 മുതൽ 7വരെ ഇന്ത്യ സന്ദർശിക്കുന്നതാണെന്നറിയുന്നു. ഈ അവസരത്തിൽ അദ്ദേഹം ഇന്ത്യാ ഗവണ്മെണ്ടിൻെറ അതിഥിയായിരിക്കും.

കച്ചിൽ വീണ്ടും പാക്ക് ആക്രമണം

വെടിനിർത്തലിനോ സമാധാന സംഭാഷണത്തിനോ പാക്കിസ്ഥാൻ ഒരുക്കമില്ലെന്ന് അധികൃതവൃത്തങ്ങൾ

(പി ടി ഐ) ന്യൂഡൽഹി, ഏ 21

കച്ച്-സിന്ധ് അതിർത്തിയിലെ കാഞ്ജാർകോട്ടിൽ നിന്ന് 50നാഴിക ദൂരെയുള്ള ഒരിന്ത്യൻ പോലീസ് സങ്കേതത്തിന്നു നേരെ പാക്ക് സേന ഇന്നലെ അരമണിക്കൂറോളം വെടിവെക്കുകയുണ്ടായി.

വെടിനിർത്തലിനും അതിനെ തുടർന്ന് ചച്ചുകഴിക്കുമുള്ള നിർദ്ദേശത്തിന്നു പാക്കിസ്ഥാൻെറ രഹസ്യമാകപ്രതികരണം ഇന്ത്യാ ഗവണ്മെണ്ട് പ്രതീക്ഷിച്ചിരിക്കുന്ന ഘട്ടത്തിലാണ് കച്ച്-സിന്ധ് അതിർത്തിയിൽ പാക്കിസ്ഥാൻ വീണ്ടും ഒരാക്രമണത്തിന്ന് മുതിർന്നിട്ടുള്ളതു്.

കാഞ്ചാർക്കോട്ട് ഭാഗത്തു് ഒരിന്ത്യൻ കാവൽ ഭടനും ഒരു പാക്ക് കാവൽഭടനും തമ്മിൽ ഒരു ഏറ്റുമുട്ടൽ നടന്നതായും റിപ്പോർട്ടുണ്ട്.

ഈ സംഭവങ്ങൾക്ക്ശേഷം കച്ച്-സിന്ധ് അതിർത്തിയിലെ സംഘർഷം അവസാനിക്കുന്നതിന് പാക്കിസ്ഥാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നില്ലെന്നുള്ള സംശയം അധികൃതവൃത്തങ്ങളിൽ ശക്തിപ്പെട്ടിരിക്കയാണ്.

വെടിനിർത്തലിനും, പ്രശ്നത്തിന്ന് സമീധാനപരമായ പരിഹാരം കാണുന്നതിനും പകരം പാകിസ്ഥാൻ വീണ്ടും ആക്രമണപ്രവർത്തനങ്ങൾ ആരംഭിച്ചുകാണുന്നതിൽ അധികൃതവൃത്തങ്ങൾ ഖേദിക്കുന്നുണ്ട്.

ഹസ്സെയിൻഖായെ കണ്ടു

പാക് ഹൈക്കമ്മീഷണർ അർഷാദ് ഹുസ്സെയിൻ വിദേശകാര്യസിക്രട്ടറിയെ കണ്ട് സംഭാഷണം നടത്തുകയുണ്ടായി. ഒരു വെടിനിർത്തലിനും സംഭാഷണം ആരംഭിക്കുന്നതിനും മുൻ ഉപാധികളൊന്നും ഇല്ലെന്ന് ഡാ ഈ അവസരത്തിൽ വ്യക്തമാക്കി.

കഴിഞ്ഞയാഴ്ച പ്രധാനമന്ത്രി ശ്രീ ലാൽ ബഹദൂർ പാർലമെണ്ടിൽ നടത്തിയ പ്രസ്താവനയിൽ വെടിനിർത്തലിനും ഉപാധികളൊന്നും വെക്കുകയുണ്ടായില്ലെന്ന് ഡാഹുസ്സെയിനെ ഓർമ്മപ്പെടുത്തി.

ആശവിട്ടുന്നില്ല

ഇതേ അവസരത്തിൽ പാക്കിസ്ഥാൻ ഒരു വെടിനിർത്തലിനും സമാധാനപരമായ ചച്ചുകഴിക്കും മുതിരുമെന്നുള്ള പ്രതീക്ഷ വിദേശകാര്യാലയം ഒരു പ്രസ്താവനയിൽ പ്രകടിപ്പിച്ചിരിക്കുന്നു.

ഈ കാര്യത്തിൽ പാക്കിസ്ഥാൻ നടത്തുന്ന ആടിക്കളി വ്യക്തമാക്കുന്നതു് വെടിനിർത്തലിനോ സമാധാനപരമായ സംഭാഷണങ്ങൾക്കോ പാക്കിസ്ഥാൻ ഒരുക്കമില്ലെന്നും നേരെമറിച്ച് പൂത്തൻ ആക്രമണങ്ങൾക്ക് പാക്കിസ്ഥാൻ വട്ടം കൂട്ടുകയാണെന്നും പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

....

അതിത്തി പോലീസിൻെറ ചിലവ് കേന്ദ്രം വഹിക്കും

(പി ടി ഐ) ന്യൂഡൽഹി, ഏ. 21

പഞ്ചാബ് അതിത്തി അടക്കം അന്താരാഷ്ട്രീയ അതിത്തികളിലുള്ള പോലീസിൻെറ മുഴുവൻ ചിലവും നാലാംസാമ്പത്തിക കമ്മീഷൻെറ ഘട്ടമുതൽ ഇന്ത്യാഗവണ്മെണ്ട് വഹിക്കുന്നതാണ്. മൂന്നാം സാമ്പത്തികകമ്മീഷൻെറ ഘട്ടത്തിൽ ഈ ഇനത്തിൽ പഞ്ചാബ് ഗവണ്മെണ്ടിന് വന്നിട്ടുള്ള ചിലവിൽ എത്രത്തോളം കേന്ദ്രം വഹിക്കണമെന്നുള്ള തു് ഗവണ്മെണ്ടിൻെറ പരിഗണനയിൽ ഇരിക്കുകയാണെന്നറിയുന്നു.

.....

ശാസ്ത്രിയുടെ നേപ്പാളിസ് സന്ദർശനം

ന്യൂഡൽഹി, ഏ. 21

നേപ്പാളിൽ മൂന്നുദിവസത്തെ സന്ദർശനാർത്ഥം പ്രധാനമന്ത്രി മി. ലാൽബഹദൂർശാസ്ത്രി അടുത്ത വെള്ളിയാഴ്ച കാഠ്മണ്ഡുവിലേക്ക് പോകും. ഇരുരാഷ്ട്രങ്ങൾക്കും പരസ്പരം താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി മഹേന്ദ്രരാജാവും മി. ശാസ്ത്രിയും ചർച്ചകൾ നടത്തും.

സാഭാഷണവേളയിൽ പ്രധാനമന്ത്രിയെ സഹായിക്കുവാൻ അദ്ദേഹത്തിൻെറ സിക്രട്ടറി മി. എൽ. കെ. ത്വാ, പ്രധാനമന്ത്രി സിക്രട്ടറിയേറ്റിലെ ജോയിന്റ് സിക്രട്ടറിമാരായ എം. ജി. കൌൾ, രാജേശ്വർ പ്രസാദ്, വിദേശമന്ത്രി കാര്യാലയത്തിലെ ഡയറക്ടർ മി. എം. റാസ്ഗോത്ര എന്നിവർ സന്നിഹിതരായിരിക്കുന്നതാണ്.

പ്രധാനമന്ത്രിയുടെ ഭാര്യ ശ്രീമതി ലളിത ശാസ്ത്രിയും മി. ശാസ്ത്രിയെ അനുഗമിക്കുന്നുണ്ട്.

ഏപ്രിൽ 25-ാംതീയതി പ്രധാനമന്ത്രി ന്യൂഡൽഹിയിൽ മടങ്ങിയെത്തും.

—.....

ഇന്തോനേഷ്യ-മലയേഷ്യൻ പ്രശ്നത്തിന്ന് പരിഹാരം?

ജപ്പാനീസ് പ്രതിനിധിയുടെ ശ്രമത്തെപ്പറ്റി തുങ്കുവിൻെറ പ്രസ്താവന

(റോയിട്ടർ) കോലാലമ്പൂർ, ഏപ്രിൽ 21

ജപ്പാനിൽനിന്നുള്ള ഒരു പ്രത്യേക സമാധാനപ്രതിനിധിയുമായി നടത്തിയ സംഭാഷണഫലമായി ഇന്തോനേഷ്യയുംതൻെറ രാഷ്ട്രവും തമ്മിലുള്ളതർക്കത്തിന്ന് ഒരു പരിഹാരമുണ്ടാകാൻ സാധ്യതയുള്ളതായി താൻ വിശ്വസിക്കുന്നതായി മലയേഷ്യൻ പ്രധാനമന്ത്രി മി. തുങ്കുഅബ്ദുൽറഹ്മാൻ പ്രസ്താവിച്ചിരിക്കുന്നു.

ഇപ്പറഞ്ഞ പ്രസിദ്ധപ്രതിനിധിയുമായി മേയ്മാസത്തിൽ സംഭാഷണം തുടരുവാൻ തങ്ങളും ആഗ്രഹിക്കുന്നുവെന്നും പ്രധാനമന്ത്രി അറിയിച്ചു.

ജപ്പാനീസ് ഗവണ്മെണ്ടിൻെറ അതിമീയായി മി. തുങ്കു മേയ് 1-ാം തീയതി ടോക്യോവിൽ എത്തുന്നതായിരിക്കും. ഇതേകാലത്തുതന്നെ പ്രസിഡണ്ട് സുക്കാർണ്ണോ ടോക്യോ സന്ദർശിക്കുമെന്ന് സുക്കാർണ്ണോയും തുങ്കുവും കൂടിക്കാഴ്ച നടത്തിയേക്കുമെന്നും ജക്കാർത്തയിലും ടോക്യോവിലും റിപ്പോർട്ടുകളുണ്ട്.

—

സ്വതന്ത്ര സ്വതന്ത്രനായി

ഭുബനേശ്വർ ഏ, 21

ഒറീസാനിയമസഭയിലെ സ്വതന്ത്രാ പാർട്ടിയുടെ ഡെപ്യൂട്ടി നേതാവായ വി. രഘുനാഥമിശ്ര പാർട്ടിയിൽനിന്നും രാജിവെച്ചിരിക്കുന്നതായി ഡെപ്യൂട്ടി സ്പീക്കർ മി. ലോക്നാഥ് മിശ്ര ഇന്ന് നിയമസഭയെ അറിയിച്ചു.

അദ്ദേഹത്തിൻെറ അഭ്യർത്ഥനയുടെ വെളിച്ചത്തിൽ ഇനിമുതൽ അദ്ദേഹത്തെ ഒരു സ്വതന്ത്രനെപ്പോലെയായി സഭയിൽ പരിഗണിക്കുന്നതാണ്. മുന്നു സ്വതന്ത്രന്മാർ ടഷേറി ഭാഗത്തുചേരുന്നതിന്നു തീരുമാനിച്ചിട്ടുള്ളതായും ഡെപ്യൂട്ടിസ്പീക്കർ പറഞ്ഞു. 140 മെമ്പർമാരുള്ള നിയമസഭയിൽ ഇപ്പോഴത്തെ കക്ഷിനിലതാഴെ പറയുംവിധമാണ്.

കോൺഗ്രസ്സ്	88
സ്വതന്ത്ര	35
പി. എസ്. പി.	9
വലതുകമ്യൂ:	4
എസ്. എസ്. പി.	1
സ്വതന്ത്രന്മാർ	3

— പി ടി ഐ

ബസ്സും ട്രക്കും കൂട്ടിമുട്ടി 5 പേർ വെന്തു മരിച്ചു

[പി ടി ഐ]

ധോൽപ്പൂർ (രാജസ്ഥാൻ) ഏ. 21

തെഹ്റ്റുഗുവച്ച് ഗസ്സ് സിലണ്ടറുകളും വഹിച്ചുകൊണ്ടുപോയിരുന്ന ഒരു ട്രക്കും ഒരു ബസ്സുംതമ്മിൽ കൂട്ടിയിടിച്ചതിനെത്തുടർന്നുണ്ടായ തീപിടുത്തത്തിൽപ്പെട്ട് 5 പേർ വെന്തുമരിച്ചിരിക്കുന്നു.

വനംവകുപ്പുകാരുടേതായ ബസ് ആഗ്രയ്ക്കു പോവുകയായിരുന്നു.

ഗസ്സ് സിലിൻഡറുകളും കൊണ്ടുപോയിരുന്ന ട്രക്കിനെത്തുടർന്ന് രണ്ടു വാഹനങ്ങൾക്കും തീപിടിച്ചു.

മാർപ്പാപ്പാ തിരുമേനിക്ക് സിംഹക്കുട്ടികളെ സമ്മാനിക്കുന്നു

ജൂനഗാഡ് (ഗുജറാറ്) ഏ. 21

ഈയിടെ നടത്തിയ ഇന്ത്യാസന്ദർശനത്തിൻെറ സ്മാരകമെന്ന നിലയിൽ ഗീർവനങ്ങളിൽ നിന്നും ഒരു ജോഡി സിംഹക്കുട്ടികളെ പോപ്മാർപ്പാപ്പാ തിരുമേനിക്ക് സമ്മാനിക്കുന്നതാണെന്ന് അധികൃതവൃത്തങ്ങൾ ഇന്നു പി. ടി. ഐ.യോടു പറഞ്ഞു.

ഒരു ആൺസിംഹക്കുട്ടിയേയും ഒരു പെൺസിംഹക്കുട്ടിയേയും ഗീർവനങ്ങളിൽനിന്നും പിടിച്ചു അടുത്തുതന്നെ വത്തിക്കാനിലേയ്ക്ക് അയയ്ക്കുന്നതാണെന്നും ഈ വൃത്തം അറിയിച്ചു.

1962 —ൽ കോലാലമ്പൂരിലുള്ള മൃഗശാലയ്ക്കായി ഗീർസിംഹങ്ങളെ അയച്ചിട്ടുണ്ടെങ്കിലും ഒരു വ്യക്തിക്ക് ഗീർസിംഹങ്ങളെ സമ്മാനിക്കുന്നതു് ഇതാദ്യമായിട്ടാണ്.

....

രണ്ടാഴ്ചകളിലേയ്ക്കുള്ള റേഷൻ ഒരുമിച്ചനൽകും

തൃശ്ശൂരും പാലക്കാട്ടും ഭക്ഷ്യധാന്യ കോപ്പറേഷൻ ഗോഡൌണുകളുടെ നിർമ്മാണം ഉടനെ ആരംഭിയ്ക്കും

(പി. ടി. ഐ.) തിരു. ഏപ്രിൽ 21

രണ്ടാഴ്ചകളിലേയ്ക്കുള്ള ഭക്ഷ്യധാന്യ റേഷൻ ഒരുമിച്ചു നൽകുവാൻ കേരള ഗവണ്മെണ്ട് ഉദ്ദേശിക്കുന്നു. ഇപ്പോൾകാർഡുടമകൾക്കു ഒരാഴ്ചത്തേയ്ക്കുള്ള ഭക്ഷ്യധാന്യമാണ് വിതരണം ചെയ്യുവരുന്നതു്.

സംസ്ഥാനത്തു് രണ്ടു ദിവസത്തെ സന്ദർശനാർത്ഥം എത്തിച്ചേർന്നിരിക്കുന്ന ഭക്ഷ്യധാന്യ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മി. സി. നരസിംഹം ഇന്നു രാവിലെ ഗവണ്മെൻറ് ജയിന്മമായി ചച്ചുകം നടത്തുകയുണ്ടായി.

മദിരാശി, മൈസൂർ, ആന്ധ്രാ മധ്യപ്രദേശ് എന്നിവിടങ്ങളിൽനിന്നും കേരളത്തിലേക്ക് ലഭിക്കേണ്ട അരിയുടെ മുതല ഇപ്പോഴും കോർപ്പറേഷനാണെന്നും, മദിരാശിക്ക പുറപ്പെട്ടനാതിനുമുമ്പ് മി. നരസിംഹം പത്രലേഖകരോടു് പറഞ്ഞു. ഇനി മുതൽ വിതരണം ചെയ്യുന്നതിനുള്ള അരിയും ഗോതമ്പും സംസ്ഥാന ഗവണ്മെണ്ടിനു് കോർപ്പറേഷനാണു് നൽകുക എന്നും അദ്ദേഹം പ്രസ്താവിച്ചു. സംസ്ഥാനത്തെ ബേക്കറികൾക്കും അതുപോലുള്ള മറ്റു സ്ഥാപനങ്ങൾക്കുമുള്ള ഗോതമ്പുല്പന്നങ്ങളും കോർപ്പറേഷൻ വിതരണം ചെയ്യും.

കേർപ്പറേഷൻ നിർമ്മിക്കുന്ന ഭക്ഷ്യധാന്യ ഗോഡൌണുകൾക്കായി സംസ്ഥാനത്തു തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ കഴിയുന്നതുവേഗം കോർപ്പറേഷനെ ഏൽപിക്കുമെന്നു ഗവണ്മെൻറ് തീരുമാനിക്കുന്നു. ഉറപ്പുനൽകിയിട്ടുള്ളതായും അദ്ദേഹം അറിയിച്ചു.

സംസ്ഥാനത്തു് 4 സ്ഥലങ്ങളിലാണ് ഗോഡൌണുകൾ നിർമ്മിക്കുന്നതു്. പാലക്കാടും തൃശ്ശൂരും ഗോഡൌണുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾക്കു് അവസാനരൂപം നൽകിക്കഴിഞ്ഞു. ഉടനടി അവിടെ നിർമ്മാണം ആരംഭിക്കുന്നതുമായിരിക്കും. നാലു ഗോഡൌണുകളിലും കൂടി 40000 ടൺ ഭക്ഷ്യധാന്യം സംഭരിക്കുവാൽ സാധിക്കും.

സംസ്ഥാനത്തു കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള സെൻട്രൽ ഗോഡൌണുകളിലായി ഇപ്പോൾ 1.5 ലക്ഷം ടൺ ഭക്ഷ്യധാന്യം സംഭരിക്കുവാൻ കഴിയും. ഇതിനും പുറമെ സ്വകാര്യ ഗോഡൌണുകളിലായി 50000 ടൺ ഭക്ഷ്യധാന്യം സംഭരിക്കുന്നതിനുള്ള മാർഗ്ഗവും കാണുന്നുണ്ട്.

—

അദ്ധ്യാപക പ്രോവിഡണ്ട് ഫണ്ട് പുതിയ പദ്ധതി

[പി ടി ഐ] ന്യൂഡൽഹി, ഏ 21

അദ്ധ്യാപകരെ സംബന്ധിക്കുന്ന പുതിയ പ്രോവിഡണ്ട് ഫണ്ട് പദ്ധതി അടുത്ത മെയ് മുതൽ നടപ്പിൽ വരുമെന്ന് ഡെപ്യൂട്ടി വിദ്യാഭ്യാസമന്ത്രി ശ്രീമതി രാമധൻ ഇന്ന് ലോകസഭയിൽ പ്രസ്താവിച്ചു. നിയമവകുപ്പുമായി ആലോചിച്ച് പദ്ധതിയുടെ കരടു് നിയമങ്ങൾക്ക് അവസാനരൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ഈ പദ്ധതി അനുസരിച്ച് ഒരദ്ധ്യാപകൻെറ ശമ്പളത്തിൽ 8⅓ ശതമാനം പ്രോവിഡണ്ട് ഫണ്ടായി പിടിക്കും. കേന്ദ്രസ്കൂൾ സംഘടനയിൽ നിന്നും അതുതന്നെ തുക നൽകുന്നതുമാണ്.

....

നന്ദയ്ക്കെതിരായ പ്രമേയം പരാജയപ്പെട്ടു

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 21

സഭയുടെ അവകാശം ലംഘിച്ചുവെന്ന ആരോപണത്തിൻെറ പേരിൽ അഭ്യന്തരമന്ത്രി മി. നന്ദയെ കണക്കറ്റു വിമർശിച്ചുകൊണ്ട് ഇന്ന് ലോക്സഭയിൽ നടന്ന ഒരു ശ്രമം പരാജയപ്പെട്ടു. ഇതിനെസംബന്ധിച്ച് 90 മിനിട്ടുനേരം നടന്ന ചർച്ചയിൽ നന്ദയേയും ഭാരത് സേവക് സമാജത്തേയും പ്രതിപക്ഷം ശക്തിയായി എതിർത്തു.

ലോക്സഭാ ലോബിയിൽവെച്ച് പബ്ലിക് എക്കൌണ്ട്സ് കമ്മറ്റി ചെയർമാൻ മി. മൊറാർക്കെയെ നന്ദ ഭീഷണിപ്പെടുത്തിയെന്നുള്ളതാണ് ആരോപണം. ഇക്കാര്യം കഴിഞ്ഞ തിങ്കളാഴ്ച സഭയുടെ മുമ്പാകെ കൊണ്ടുവന്നതു്. മി ആചാര്യ കൃപാലിനിയാണ്; അതിനെ തുടർന്ന് രാംസേവക് യാദവും മണിറാം ബഗ്രിയും അവകാശലംഘന പ്രമേയത്തിന്ന് നോട്ടീസു കൊടുത്തു. ഇന്നു സഭയിൽ ഈ പ്രശ്നം ഉന്നയിക്കപ്പെട്ടപ്പോൾ നന്ദയുടെ ഒരേഴുത്തു് തനിക്ക് കിട്ടിയിട്ടുണ്ടെന്ന് സ്പീക്കർ വെളിപ്പെടുത്തി. മൊറാർക്കെയുമായി ലോബിയിൽവച്ച് നടന്നതു് തികച്ചും ഒരു സ്വകാര്യ സംഭാഷണമായിരുന്നുവെന്ന് കത്തിൽ വ്യക്തമാക്കിയിരുന്നു. ഈ സംഭാഷണത്തെ സംബന്ധിച്ച് നേരെമറിച്ചുള്ള ഒരഭിപ്രായമാണ് ഉണ്ടായിട്ടുള്ളതെങ്കിൽ താനതിൽ ഖേദിക്കുന്നുവെന്നും നന്ദ കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. സംഭാഷണം സ്വകാര്യമായിരുന്നുവെന്നുള്ള നന്ദയുടെ നിലപാടിന്ന് മൊറാർക്കെയും സഭയിൽപിന്തുണ നൽകുകയുണ്ടായി.

പഞ്ചാബ് മുഖ്യമന്ത്രിയെ വെടിവെച്ചതിൽ ഇന്ത്യയുടെ പ്രതിഷേധം

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 20

ചമ്പാ മേഖലയിൽവച്ച് ഏപ്രിൽ 17-ാംനു പഞ്ചാബ് മുഖ്യമന്ത്രി രാകിഷൻെറ നേരേ പാക് പട്ടാളക്കാർ വെടിവെച്ചതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള ഒരു ഇന്ത്യൻ കുറിപ്പ് പാക് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ ഇന്ന് ആദ്യം സ്വീകരിക്കുകയും പിന്നീട് അതു് സ്വീകാര്യമല്ലെന്നു പറഞ്ഞു് വിദേശമന്ത്രികാര്യാലയത്തെ തിരിച്ചേല്പിക്കുകയും ചെയ്തിരിക്കുന്നു.

ഇന്ത്യൻ പ്രദേശത്തു് സ്ഥിതിചെയ്യുന്ന ബുറിജാൽ എന്ന സ്ഥലത്തു് ഒരു പരിശോധനാപര്യടനം നടത്തുമ്പോഴാണ് ഒരു പാക് താവളമായ താഹവിൽ നിന്നും രാകിഷൻെറനേരെ പാക് പട്ടാളം വെടിവെച്ചതു്. മുഖ്യമന്ത്രിയുടെ കൂടെയുണ്ടായിരുന്നവരിൽ ഒരാൾക്കു് പരിക്കേറ്റു.

വിയറ്റ്നാം യുദ്ധം

വ്യോമ കേന്ദ്രത്തിനുനേരെ ഉഗ്രപോരാട്ടം

(റോയിട്ടർ) സൈഗോൺ, ഏ. 21

സാനാണ്ടിലെ അമേരിക്കൻ വ്യോമ സങ്കേതത്തിനുനേരെ വെച്ച് ഗവണ്മെണ്ട് സേനകളും വിയറ്റ് കോങ്ങ് ഒളിപ്പോരാളികളും തമ്മിൽ ഇന്നലെ ഉഗ്രമായ ഒരു സംഘട്ടനം നടന്നു.

രണ്ടുദിവസമായി തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഈ ഏറ്റുമുട്ടൽ സാനാണ്ടിനു് 30 നാഴിക ദൂരെയുള്ള വിയറ്റ്കോങ്ങ് വലയിനസങ്കേതങ്ങളിലാണ്. ഈ സങ്കേതങ്ങളെ 40 അമേരിക്കൻ ജെറ്റ്വിമാനങ്ങളും ആക്രമിക്കുകയുണ്ടായി. വിയറ്റ്കോങ്ങും സങ്കേതത്തിൽ ഘടിപ്പിച്ചിട്ടുള്ള വിമാനവേധതോക്കുകളിൽ നിന്നുമെന്നപോലെ വിമാനങ്ങൾക്കുനേരെ വെടിവെച്ചു. ഇരുപക്ഷത്തിനും പരസ്പരം താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി മഹേന്ദ്രരാജാവും മി. ശാസ്ത്രിയും ചർച്ചകൾ നടത്തും.

സാഭാഷണവേളയിൽ പ്രധാനമന്ത്രിയെ സഹായിക്കുവാൻ അദ്ദേഹത്തിൻെറ സിക്രട്ടറി മി. എൽ. കെ. ത്വാ, പ്രധാനമന്ത്രി സിക്രട്ടറിയേറ്റിലെ ജോയിന്റ് സിക്രട്ടറിമാരായ എം. ജി. കൌൾ, രാജേശ്വർ പ്രസാദ്, വിദേശമന്ത്രി കാര്യാലയത്തിലെ ഡയറക്ടർ മി. എം. റാസ്ഗോത്ര എന്നിവർ സന്നിഹിതരായിരിക്കുന്നതാണ്.

പ്രധാനമന്ത്രിയുടെ ഭാര്യ ശ്രീമതി ലളിത ശാസ്ത്രിയും മി. ശാസ്ത്രിയെ അനുഗമിക്കുന്നുണ്ട്.

ഏപ്രിൽ 25-ാംതീയതി പ്രധാനമന്ത്രി ന്യൂഡൽഹിയിൽ മടങ്ങിയെത്തും.

—.....

വ. വിയറ്റ്നാമും പതിവുപോലെ

വടക്കൻ വിയറ്റ്നാമിലെ ലക്ഷ്യങ്ങളുടെനേരെ അമേരിക്കൻ തെ. വിയറ്റ്നാം വിമാനങ്ങൾ ഇന്നലെ മൂന്നു വട്ടം ആക്രമണംനടത്തി വ. വിയറ്റ്നാമിലെ ഒരു പ്രധാന നഗരമായ സോങ്ങ്ഹോയ്ക്കടുത്തുള്ള ഒരു പാലത്തിൻെറ നേരെയും ആക്രമണം ഉണ്ടായി. പാലത്തിനു് കനത്ത കേട്പാടുകൾ പറ്റിയിട്ടുണ്ട്.

ആത്മാഹുതി

കമ്മ്യൂണിസ്റ്റുകളുടെ നേരെയുള്ള ഈ ആക്രമണങ്ങൾ നടന്നുകൊണ്ടിരുന്നവേളയിൽ 16 വയസ്സുള്ള ഒരു ബുദ്ധഭിക്ഷു ഇവിടെ ആത്മാഹുതിചെയ്കയുണ്ടായി. കഷ്ടപ്പെടുന്ന തെ. വിയറ്റ്നാം ജനതയ്ക്കുവേണ്ടിയുള്ള ഒരു ആത്മബലിയാണിതെന്നു് ഒരു ബൌദ്ധവക്താവു് പറഞ്ഞു.

വൈമാനികൻെറ തലയ്ക്കു് വെടി

രണ്ടു് അമേരിക്കൻവിമാനങ്ങളെ വെടിവെച്ചുവീഴ്ത്തിയെന്നു് വ. വിയറ്റ്നാം ന്യൂസ് ഏജൻസി പ്രസ്താവിച്ചു. വെറും റൈഫിളും വെടിക്കോപ്പുകളുമാണ് ഒരു വിമാനത്തെ വീഴ്ത്തിയതു്.

കമ്പോഡിയൽ സംസ്ഥാനത്തിൻെറ മുകളിൽ പറന്ന ഒരമേരിക്കൻ വൈമാനികൻെറ തലയ്ക്കു് വെടിയേറ്റു. അയാളുടെ തല തകർന്നു. ഈ സംസ്ഥാനത്തിൽപ്പെട്ട ലീതുയി, വിൻലീൻ എന്നീ പ്രദേശങ്ങളും അമേരിക്കൻ ആക്രമണത്തിന്നു് വിധേയമായെന്നു് ന്യൂസ് ഏജൻസി പറഞ്ഞു.

ചൈന ഒരുങ്ങുന്നു

(റോയിട്ടർ) പീക്കിങ്ങ്, ഏ. 21

സമയംവരുമ്പോൾ വടക്കൻവിയറ്റ്നാം ജനതയുടെപ്രതിനിധി പൊരുതുവാൻ തയ്യാറായിരിക്കുമെന്നു് രാജ്യത്തുള്ള സംഘടനകളോടു് വ്യക്തികളോടും ചൈനീസ് പാർലമെണ്ടു് ആഹ്വാനംചെയ്തിരിക്കുന്നു:

വിയറ്റ്നാം ജനതയോടൊപ്പം സമരം ചെയ്യുന്നതിനും «അമേരിക്കൻ ആക്രമികളെ» തുരത്തുന്നതിനും ഒരുങ്ങിയിരിക്കണമെന്നുള്ള ഒരു പ്രമേയം പാർലമെണ്ടു് അംഗീകരിച്ചു. വിയറ്റ്നാംജനതയ്ക്കു് വേണ്ട എല്ലാ സഹായങ്ങളും നൽകുമെന്നു് പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്.

.....

ഭാഷാപ്രശ്നം ക്യാബിനറ്റ് സബ്കമ്മറ്റിയുടെ ചർച്ച

[പി ടി ഐ] ന്യൂഡൽഹി, ഏ 21

കേന്ദ്രമന്ത്രിസഭയുടെ ഭാഷാ സബ്കമ്മറ്റി ഇന്നു രാവിലെ ചർച്ചകൾ പുനരാരംഭിച്ചു. ഇന്നലെ ഉച്ചയ്ക്കുശേഷവും ചർച്ചകൾ നടന്നിരുന്നു.

പാക് പട്ടാളത്തിൻെറ കിരാതമായ ഈ നടപടി പരിഷ്കൃതരാഷ്ട്രങ്ങൾ തമ്മിലുള്ള പെരുമാറ്റച്ചട്ടങ്ങളുടെ കടുത്ത ലംഘനമാണെന്നു് ഇന്ത്യൻ കാവ്പ് പൂണ്ടിക്കാട്ടി. പാകിസ്ഥാൻെറ വഞ്ചിച്ചുവരുന്ന അക്രമണോൽസുകതയുടേയും പ്രകോപനജന്യമായ നിലപാടിൻെറയും വ്യക്തമായ ഒരു ദൃഷ്ടാന്തമാണിതു്. ഈ ഹീനകൃത്യത്തിനുത്തരവാദികളായവർക്കെതിരെ കർശനമായ നടപടികൈക്കൊള്ളണമെന്നു് കാവ്പിൽ ആവശ്യപ്പെട്ടിരുന്നു.

മദ്രാസ് ഗവണ്മെണ്ടും, നിയമമന്ത്രി അശോക്സെൻനും, റെയിൽവെമന്ത്രി എസ്. കെ. പട്ടീലും നിർദ്ദേശിച്ചിട്ടുള്ള രണ്ടു് ഭേദഗതികളെപ്പറ്റിയാണ് സബ്കമ്മറ്റി പ്രധാനമായും ചർച്ചചെയ്തതു്. ഇന്നുവീണ്ടും കോൺഗ്രസ്സ് പ്രവർത്തകസമിതി ഈ പ്രശ്നത്തെ സംബന്ധിച്ചു് കൂടുതൽചർച്ച നടത്തുമെന്നും, ആ ചർച്ചയുടെ ഫലങ്ങൾ എന്തെന്നറിയുവാൻ സബ്കമ്മറ്റി കാത്തിരിക്കുകയാണെന്നും പറയുന്നുണ്ടു്.

കൂടുതൽ ഗവണ്മെണ്ടുദ്യോഗികഭാഷാനിയമം ഭേദഗതിചെയ്യുന്നതിനുള്ള ബിൻ പാർലിമെണ്ടിൻെറ ഈ സമ്മേളനത്തിൽ വരികയില്ലെന്നാണ് ഇപ്പോഴത്തെ സൂചന. എന്തായാലും ഈ കാര്യത്തിലുള്ള ഗവണ്മെണ്ടിൻെറ ഉദ്ദേശങ്ങൾ പാർലിയമെണ്ടിൻെറ പരിശീലനത്തിനുമുമ്പ് പ്രഖ്യാപിക്കപ്പെടുമെന്നാണ് കരുതപ്പെടുന്നതു്.

....

ജനനനിരക്ക് കുറഞ്ഞുവരുന്നുണ്ടെന്ന് കേന്ദ്ര ആരോഗ്യമന്ത്രി

[പി ടി ഐ] ന്യൂഡൽഹി, ഏ 20

പല ജില്ലകളിലും ജനനനിരക്ക് കുറഞ്ഞുവരുന്നതായി സൂചനകളുണ്ടെന്ന് കേന്ദ്രആരോഗ്യമന്ത്രി ഡോ: സുശീലാനയ്യർ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ, വ്യക്തമായ രൂപപ്രസ്താവന ചെയ്യുന്നതിനുമുമ്പ് കണക്കുകൾ കുറെകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട ചില പ്രദേശങ്ങളിൽ നടത്തിയ കുടുംബാസൂത്രണ പ്രചരണപരിപാടി പ്രോത്സാഹജനകമായ ഫലം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സൂചിപ്പിതമായി തന്നെ അറിയാമെന്ന് അവർ പറഞ്ഞു, ബോംബെനഗരത്തിൽ ജനനനിരക്ക് ആയിരത്തിനു് ഇരുപതിയേഴ് എന്ന തോതിലാണ്. അതുപോലെതന്നെ മധുരയ്ക്കു സമീപമുള്ള ഒരു ഗ്രാമത്തിലും കൽക്കട്ടയ്ക്കടുത്ത ഒരു ബ്ലോക്കിലും ജനനനിരക്ക് വ്യക്തമായ തോതിൽ കുറഞ്ഞിട്ടുണ്ട്.

ജനനനിയന്ത്രണത്തിനു് ഇതുവരെ പ്രചാരത്തിലിരുന്നതിനേക്കാളും ഫലപ്രദമായ ഒരു പുതിയ മാർഗ്ഗം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി തുടർന്നു പറഞ്ഞു. ഗവേഷണഭിത്തിയിൽ കടത്തിവെയ്ക്കുന്ന ഒരു പ്ലാസ്റ്

തൊഴിൽരഹിത പ്രദേശങ്ങളിൽ ഗ്രാമീണ പ്രയത്ന ശക്തി പരിപാടി

ന്യൂഡൽഹി, ഏ. 21

വരുന്ന സാമ്പത്തിക വർഷത്തിനിടയ്ക്ക് 1000–2000 വികസന ബ്ലോക്കുകളിൽ ഗ്രാമീണ പ്രയത്ന ശക്തി പരിപാടി നടപ്പാക്കണമെന്ന് കേന്ദ്രസാമൂഹ്യവികസന–സഹകരണമന്ത്രി ശ്രീ. എസ്. കെ. ഡേയുടെ അദ്ധ്യക്ഷതയിൽ ഇവിടെ ഈ വിഷയം സംബന്ധിച്ചു നടന്നുവന്ന മൂന്നദിവസത്തെ സമ്മേളനം നിർദ്ദേശിച്ചിരിക്കുന്നു. തൊഴിലില്ലായ്മ അഥവാ വേണ്ടത്ര തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന പ്രദേശങ്ങൾ വേണം 'ഇതിനു തിരഞ്ഞെടുക്കാനെന്ന്' അതു് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ പ്രദേശങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉറപ്പും ജീവസ്സും പ്രദാനംചെയ്യാൻ നാലാംപദ്ധതിക്കാലത്തു് സർവ്വവിധ പരിശ്രമങ്ങളും ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടു. ഗ്രാമീണ പ്രയത്നശക്തി പരിപാടി വരുംതലമുറയ്ക്കു് കൂടുതൽതൊഴിൽ പ്രദാനംചെയ്യേണ്ടതാണു്, കൂടാതെ, ഗ്രാമീണയുവാക്കളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയും അവരെ പുതിയ തൊഴിലുകൾ അഭ്യസിപ്പിച്ചും സാക്ഷരത നൽകിയും സാമൂഹികരണത്തിൽ പങ്കുകൊള്ളിച്ചും തിരഞ്ഞെടുത്ത പ്രദേശങ്ങളിലെ മാനുഷികവിഭവങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

പ്ലാനിംഗ് കമ്മീഷൻറെ ഡപ്യൂട്ടി ചെയർമാൻ ശ്രീ അശോകമേത്ത, കമ്മീഷനംഗമായ ശ്രീ. തർലോക്സിംഗ് എന്നിവരും കേന്ദ്രവകുപ്പുകളുടേയും സംസ്ഥാനഗവൺമെണ്ടുകളുടേയും സാമ്പത്തിക–സാമൂഹ്യഗവേഷണത്തിലേർപ്പെട്ടിരിക്കുന്ന പ്രമുഖ സ്ഥാപനങ്ങളുടേയും പ്രതിനിധികളും ഗ്രാമവികസനത്തിൽ പ്രത്യേക താല്പര്യമുള്ള ഏതാനും വ്യക്തികളും സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട്, ശ്രീ. അശോകമേത്ത, ഈ പരിപാടിയെ ഒരു ഒരിതാശ്വാസനടപടിയായി കണക്കാക്കരുതെന്നും ഓർക്കിനെ അഞ്ചുവർഷംകൊണ്ട് അതിന്റെ ഇന്നത്തെ പിന്നാക്കനിലയിൽ നിന്ന് ചലനാത്മകമായ സാമ്പത്തിക ഘടകമാക്കി മാറ്റുക സാദ്ധ്യമാണെന്നും ഊന്നി പ്രസ്താവിച്ചു. ഈ ബ്ലോക്കുകളിലെ ആളുകൾക്ക് തൊഴിൽ നൽകിയാൽ മാത്രംപോര, അവരെ സാമൂഹികരണപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുകയും സാക്ഷരരാക്കുകയും വേണം.

ഗ്രാമപ്രദേശങ്ങളിലെ പ്രയത്നശക്തിയും തൊഴിലും സംബന്ധിച്ച പ്രശ്നങ്ങളുടെ പഠനത്തിലും ഗ്രാമീണ പ്രയത്ന ശക്തിപരിപാടിയുടെ പ്രവർത്തനത്തിന്റെ വിലയിരുത്തലും സർവ്വകലാശാലകൾ, ഗവേഷണസ്ഥാപനങ്ങൾ, കോളേജുകൾ എന്നിവയെ ബന്ധപ്പെടുത്തണമെന്നും സമ്മേളനം നിർദ്ദേശിച്ചിട്ടുണ്ടു്.

....

നീന്തൽ കോച്ചുകൾക്ക് സ്പെഷ്യൽ കോഴ്സ്

ന്യൂഡൽഹി, ഏ. 21

നീന്തൽ കോച്ചുകൾക്കുവേണ്ടി പട്യാലയിലെ ദേശീയ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇടംപ്രഥമമായി ഒരു സ്പെഷ്യൽ കോഴ്സ് നടത്തുന്നതാണ്. ഒമ്പതുമാസം നീണ്ടുനിൽക്കുന്ന ഈ കോഴ്സ് മേയ് 10–നു് ആരംഭിക്കും.

ഇന്ത്യൻ സ്വിമ്മിംഗ് ഫെഡറേഷനുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഈ സ്പെഷ്യൽ കോഴ്സിൽ വിവിധ സംസ്ഥാനങ്ങളിലെ പരിചയ സമ്പന്നരായ നീന്തൽക്കാർ പങ്കെടുക്കുന്നതാണ്. സ്പ്രിംഗ്സ്, തിരഞ്ഞെടുത്ത 12 നീന്തൽക്കാരെ അയക്കും.

കോഴ്സ് നടത്തുന്ന കോച്ചുകളിൽ പ്രസിദ്ധ അമേരിക്കൻ കോച്ചായ കെന്നത്ത് ഷെഫർ ഉൾപ്പെടുന്നു.

ഇന്ത്യയുടെ എല്ലാഭാഗത്തുനിന്നും പരിചയസമ്പന്നരായ ഏതാനും നീന്തൽക്കാക്ക് വിഗ്ദ്ധ പരിശീലനം നൽകുകയാണ് കോഴ്സിന്റെ ഉദ്ദേശ്യം. ഇവർ താനാങ്ങളുടെസംസ്ഥാനത്തു് തിരിച്ചുചെന്ന് സമർത്ഥരായ യുവാക്കൾക്ക് ആധുനികവും ശാസ്ത്രീയവുമായ സമ്പ്രദായങ്ങളും ഉപയോഗിച്ച് പരിശീലനം നൽകും.

ജനങ്ങളിൽ മാനസികമായ ഒരന്തരീക്ഷം ഉണ്ടാക്കുകയാണ് എ. ഐ. ആറിന്റെ ചുമതല

ന്യൂഡൽഹി, ഏ. 21

വാർത്താവിതരണ–പ്രക്ഷേപണ വകുപ്പിന്റെ ചുമതല ജനങ്ങൾക്ക വിവരങ്ങളും നൽകുകമാത്രമല്ലെന്നും മാനസികമായ ഒരന്തരീക്ഷം സൃഷ്ടിക്കുകകൂടിയാണെന്നും ശ്രീമതി ഇന്ദിരാഗാന്ധി പ്രസ്താവിച്ചിരിക്കുന്നു. വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെക്കുറിച്ച് ലോക്സഭയിൽ നടന്ന ചർച്ചകൾക്കു മറുപടി പറയുകയായിരുന്നു അവർ. പകുതായ ചിന്ത പ്രോത്സാഹിപ്പിക്കുന്നതിലാണ് തങ്ങളും വിശ്വസിക്കുന്നതെന്നു് ശ്രീമതി ഗാന്ധി പറഞ്ഞു. വാർത്താവിതരണ–പ്രക്ഷേപണവകുപ്പിന്റെ ഘടകങ്ങളും ഔദ്യോഗികബുദ്ധിജീവികളുടെ വിതരണസംഘടനകളുമായുള്ള സഹകരണത്തെപ്പറ്റി തനിക്ക നിർദ്ദേശങ്ങളുണ്ടെന്നു് അവർ പ്രഖ്യാപിച്ചു. വൈവിധ്യമേറിയ ജനതകൾക്കിടയിൽ ജീവത്തായ, ഭാവനാപൂർണ്ണമായ, ബന്ധങ്ങളും വളർത്താനാഗ്രഹിക്കുന്നു അവയുടെ ശ്രമമെന്നു് മന്ത്രി പറഞ്ഞു.

....

പത്രാധിപക്കുള്ള കത്തു്

കത്തോലിക്കാ കോൺഗ്രസ്സിന്റെ 3 ലക്ഷം ഫണ്ടു്

വളരെ ലഘുമായും അവജ്ഞയോടും കൂടി വീക്ഷിക്കേണ്ട ഒരു പ്രശ്നമായി തീർന്നിരിക്കയാണു് നമ്മുടെ 10 പൈസാ പ്രസ്ഥാനം. ശ്രീ. തോമസ് സെബാസ്റ്റ്യൻ എന്നാനം മാന്യങ്ങൾക്ക മൻപു് ഉന്നയിക്കപ്പെട്ട ഈ ആശയത്തെ കേരളത്തിലെ കത്തോലിക്കാ കോൺഗ്രസ്സ് ശാഖകളും, മറ്റു ഇതര കത്തോലിക്കാ ഘടകങ്ങളും സ്വാഗതം ചെയ്തതായി തോന്നി. അതോടെ 30 ലക്ഷം കത്തോലിക്കരുള്ള നമ്മുടെ കേരളത്തിൽ ഉന്നതമായ ഒരു ആശയം സഫലീകരിക്കുമെന്നു് ഏതാനും സാമൂഹ്യസ്നേഹികളും, സാഹിത്യികാഭിലാഷികളും, വിശ്വസിച്ചു. ഇന്നു് ആ വിശ്വാസത്തെ അതേപടി വലിച്ചെറിയേണ്ടിയിരിക്കുന്നു.

1964 ഡിസംബർ 25–നു് മുതൽ ആരംഭിച്ചതാണു് ഈ 10 പൈസാ പിരിവെടുക്കൽ. ഒരു മഹാസംഭവമായിത്തന്നെ അതിനുവേണ്ടി നീക്കിവെച്ചിരുന്നതു്. ഈ കാലത്തിനിടയിൽ എന്തുചെയ്തു, എന്തു് പിരിവെടുക്കപ്പോൾ നടത്തിയതെന്നു് പറയാൻ പ്രയാസം. പിന്നെയും മാസങ്ങൾ നീട്ടിനോക്കി. എന്നിട്ടും ഏപ്രിൽ 5 വരെ 3 ലക്ഷം രൂപയിലേക്കു് പിരിഞ്ഞുകിട്ടിയതു് കേവലം 44000 രൂപാ മാത്രം. നിർഭാഗ്യകരമായ ഒരവസ്ഥ.

പണക്കൊഴപ്പും, മുടിപ്പുകെട്ടും, വിദ്യാസമ്പന്നരുമായ കേരള കത്തോലിക്കരുടെ സമുദായസ്നേഹം ഈ പ്രസ്ഥാനം കൊണ്ടു് വിലയിരുത്താമെങ്കിലും; പരാജയത്തിനു പ്രധാന ഉത്തരവാദികളും എ. കെ. സി. സി. യുടെ കേന്ദ്ര എക്സിക്യൂട്ടീവും, പ്രവർത്തകസംഘവും, ചില ഇടവക വികാരിമാരുമാണ്. പരിഭവിച്ചിട്ടാവശ്യമില്ല. കാരണമുണ്ടു്. ഇന്നും ഈ പണ്ടു പൈസായുടെ ലക്ഷ്യത്തേയും, ഉദ്ദേശത്തേയുംപറ്റി തീരിച്ചറിയാൻ കഴിയാത്ത നിരവധി ഇടവകകളും ഉണ്ടെന്നു വേണം പറയാൻ. ചിലർ തെറ്റിധരിച്ചുവച്ചിരിക്കുന്നതു് ആളൊന്നുക്ക് 10 പൈസയല്ല; വീടൊന്നുക്ക് 10 പൈസയാണെന്നാണ്. വ്യക്തമായ ഒരു വിശദീകരണം വികാരിമാരും, മറ്റു ഉത്തരവാദപ്പെട്ടവരും നല്കിയിട്ടില്ലെന്നു് വ്യക്തമാകുന്നു. എന്നാലും ഇടവകയിൽ സ്ഥലത്തെ വികാരിമാരുടെ മഹാമനസ്കതകൊണ്ടു് കുറച്ചൊക്കെ ജനങ്ങളെ മനസ്സിലാക്കിയിട്ടുണ്ടായിരിക്കണം. അതുകൊണ്ടാണല്ലൊ 44000–ത്തിൽ എത്തിച്ചേന്നതു്.

അതിനാൽ ഇനിയും നാം നിരുത്സാഹരാകരുതു്. ഇപ്പോൾ കഴിവുകുറഞ്ഞവരാണു്, ഒരു മാസംകൊണ്ടു് നമ്മുടെ ലക്ഷ്യം നിറവേറ്റാം. ശ്രീ. തോമസ് സെബാസ്റ്റ്യന്റെ പുതിയ നിർദ്ദേശത്തെ മുകളിപിടിക്കുകയും, വന്നിടാകം ത്യാഗസന്നദ്ധതയോടെ പ്രവർത്തിക്കുകയും, വികാരിമാർ ഒന്നു് ഉത്സാഹിക്കുകയും ചെയ്താൽ നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ പ്രയാസമില്ല.

കത്തോലിക്കരുടെ കേരളത്തിലെ ഏക സംഘടനയാണു് കത്തോലിക്കാ കോൺഗ്രസ്സ്. അതിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കേണ്ടതു് കാതോലിക്കരുടെയും കത്തോലിക്കാസംഘടനകളുടെയും കടമയാണു്. സംഘടന ആദ്യമായി ഒരു യാചന നടത്തിയതാണു് ഈ മൂന്നു് ലക്ഷം രൂപാ. മുടയിലെ അതിന്റെ തിരിച്ചടവു് കൊടുക്കുന്നതും, സംഘടനയുടെ വിജയവും സുഭദ്രതയിന്റെ വിജയമായിക്കണക്കാക്കി ഓരോ കത്തോലിക്കനും ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

മാള ഉമ്മച്ചൻ, എക്സാട്ടുകാരൻ.

....

ദാവീദ് വിജയം കഥകളി

കേരളീയ കലാസംഘം മദ്രാസിൽ അവതരിപ്പിച്ചു

മദ്രാസ്, ഏ. 21

ഇവിടത്തെ ഇൻറർ നാഷണൽ കഥകളി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സർദാർ പണിക്കരുടെ 'ദാവീദിന്റെ വിജയം' എന്ന കഥ ആസ്പദമാക്കി രചിച്ചിട്ടുള്ള 'ദാവീദിന്റെ വിജയം' എന്ന കഥ കേരളീയരായ കഥകളിക്കാരുംപ്പെട്ട ഒരു സംഘം വിജയകരമായി അഭിനയിച്ചിരിക്കുന്നു. കഥകളി കേന്ദ്രത്തിന്റെ വൈസ് പ്രസിഡൻറായ മി. ജെ. എം. ബി. നെടുങ്ങാടിയാണ് ഇതിലെ സംഗീതസംവിധായകൻ. മദ്രാസ് യൂണിവേർസിറിയിലെ മലയാളവിഭാഗം മേധാവി ഡോക്ടർ എസ് കെ. നായരാണ് ഈ കഥയ്ക്കു് അവതാരപ്രധാനം നല്കിയതു്. ഇന്ത്യാ ഗവണ്മെണ്ടു് ഈ പ്രസ്ഥാനത്തെ ഗണ്യമായസംഭാവനകൊണ്ടു് സഹായിച്ചുവരികയാണു്. കേരളത്തിൻറെതായ ഈ കലാപ്രസ്ഥാനത്തിനു് കേരളാ ഗവണ്മെണ്ടിൽനിന്നും പ്രോത്സാഹനം ലഭിക്കാതെയാണിരിക്കുന്നതു്, ആ കുറവിനെ പരിഹരിക്കാൻ ഭാവഹികം ഉത്സാഹിച്ചുവരികയാണു്.

....

ഇരിങ്ങാലക്കുട ബി. ഡി. സി.

കരുവന്നൂർ ഏ. 21

ഇരിങ്ങാലക്കുട വികസന ബ്ലോക്കിനു ബി. ഡി. സി. ഏപ്രിൽ 29–നു് കാട്ടൂർ പഞ്ചായത്ത് ആഫീസിൽവെച്ചു് കൂടുന്നതാണെന്നു് ബ്ലോക്ക് ഓഫീസർ ഏ. ഏ. കുഞ്ഞുബാവ സാഹിബു് അറിയിച്ചിരിക്കുന്നു.

....

കൈവേലക്കാരുടെ പരിശീലനം

(ഡി. സഞ്ജീവയ്യ)

രാജ്യത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തികാഭിവൃദ്ധിക്കു് നിദാനമായ മുഖ്യഘടകങ്ങളിലൊന്നു് വേണ്ടത്ര പരിശീലനം സിദ്ധിച്ചവരുടെ ലഭ്യതയാണു് ശരിയായി പരിശീലനം നേടിയ വിദഗ്ദ്ധരായ കൈവേലക്കാരെ വേണ്ടിടത്തോളം കിട്ടിയില്ലെങ്കിൽ വിവിധ മണ്ഡലങ്ങളിലെ പുരോഗതിക്ക പ്രതിബന്ധം നേരിടും. മൂലധനവും ഉപകരണങ്ങളും കൂടെയൊക്കെ വിദേശത്തുനിന്നുള്ള സഹായംകൊണ്ടു് സമ്പാദിക്കാൻ കഴിയും; എന്നാൽ വ്യവസായങ്ങൾക്കാവശ്യമുള്ള വിദഗ്ദ്ധ ജോലിക്കാരെ രാജ്യത്തിനകത്തന്നെ സമ്പാദിക്കേണ്ടിയിരിക്കുന്നു.

ഔപചാരികമായ അടിസ്ഥാനത്തിൽ കൈവേലക്കാരുടെ പരിശീലനം ഇന്ത്യയിൽ അത്ര കാലത്തേ ആരംഭിച്ചിട്ടില്ലം രണ്ടാം ലോകമഹായുദ്ധകാലത്താണ് ഔപചാരികമായ നിലയിൽ അവരുടെ പരിശീലനം ദേശീയടിസ്ഥാനത്തിൽ സംഘടിപ്പിച്ചതു്. 1940–ൽ ആരംഭിച്ച ഈ പരിപാടികളുടെ ലക്ഷ്യം രാജ്യരക്ഷാവ്യവസായങ്ങൾക്കും, യുദ്ധസേവനത്തിലേർപ്പെട്ടിട്ടുള്ള സിവിലിയൻ വ്യവസായങ്ങൾക്കും വേണ്ടത്ര വിദഗ്ദ്ധ ജോലിക്കാരെ നൽകുകയും രാജ്യത്തിന്റെ വ്യാവസായിക പുരോഗതിയെ ത്വരിതപ്പെടുത്താൻ വിദഗ്ദ്ധജോലിക്കാരുടെ ഒരു സമൂഹത്തെ സൃഷ്ടിക്കയുമായിരുന്നു. കാലക്രമത്തിൽ ഈ പരിപാടികൾ ഗണ്യമായപരിവർത്തനങ്ങൾക്ക് വിധേയമായി.

ശിവറാവു കമ്മറിയുടെ ശുപാർശകളെത്തുടർന്ന് കൈവേലക്കാരുടെ പരിശീലനപദ്ധതിയുടെ ഭരണപരമായ നിയന്ത്രണം 1956–ൽ സംസ്ഥാനഗവണ്മെണ്ടുകൾക്ക കൈമാറം ചെയ്തു. അതിനു ശേഷം ദേശീയ നിലവാരങ്ങൾ നിശ്ചയിക്കുക, നയങ്ങളും നടപടിക്രമങ്ങളും രൂപവിപ്പിക്കുക, പരീക്ഷകൾ നടത്തുക, സാങ്കേതിക ടെക്ട് സർട്ടിഫിക്കറ്റുകൾ നൽകുക എന്നിവമാത്രമായിത്തീർന്ന ഇന്ത്യാ ഗവണ്മെണ്ടിന്റെ ചുമതല. പരിശീലന സ്ഥാപനങ്ങൾക്കാവശ്യമായ അദ്ധ്യാപകരെ പരിശീലിപ്പിക്കലും അവരുടെ ചുമതലയായിരുന്നു. കേന്ദ്ര ഗവണ്മെണ്ടിന്റെ ഈ ചുമതലകൾ നിവ്വഹിക്കുന്നതിൽ സഹായിക്കാനായി ഒരു ദ്രുകിക്ഷി ദേശീയ കൗൺസിൽ നിലവിൽ വന്നു. സംസ്ഥാനനിലവാരത്തിലും കൗൺസിലുകൾ നിലവിൽ വന്നു.

പരിശീലനവികസനം

രണ്ടും മൂന്നും പഞ്ചവത്സര പദ്ധതികാലത്തു് കൈവേലക്കാരുടെ പരിശീലനം ഇന്ത്യയിൽ അഭൂതപൂർവ്വമായ പുരോഗമിച്ച രാജ്യങ്ങളിലുള്ള സമ്പ്രദായത്തിന്റെ മാതൃകയിൽ അപ്രന്റിസുഷിപ്പ് പരിശീലനം കഴിഞ്ഞ ഏതാനും വർഷമായി ഇന്ത്യയിലെ ചില വ്യവസായ സ്ഥാപനങ്ങളിൽ 'നിലവിലുണ്ടു്'. ശിവറാവു കമ്മറിയുടെ ശുപാർശയെ മുൻനിറുത്തി, സ്വമേധയാ ഉള്ള അടിസ്ഥാനത്തിൽ കൂടുതൽ അപ്രന്റിസുകളെ വ്യവസായശാലകളിൽ നിയോഗിക്കാൻ രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തൊരു ശ്രമം നടത്തുകയും ചെയ്തു. ഇതിനു് ലഭിച്ച പ്രതികരണം വളരെ നിരാശാജനകമായിരുന്നതുകൊണ്ടു്, പൊതുമേഖലയിലേയും സ്വകാര്യമേഖലയിലേയും വ്യവസായ സ്ഥാപനങ്ങളിലെ പരിശീലനസൗകര്യം ഉപയോഗപ്പെടുത്തൻ സാധിക്കുമാറു്, സഹകാര്യതൊഴിലുടമകളുമായി കൂടിയാലോചിച്ചശേഷം 1961–ലെ അപ്രന്റിസ്ഷിപ്പ് നിയമം പാസാക്കി. 1968 ജനുവരി 1–നു് ഈ നിയമമനുസരിച്ചുള്ള പരിശീലനമാരംഭിച്ചു. ഇപ്പോൾ പൊതു–സഹകാര്യമേഖലകളിലെ വിവിധ വ്യവസായശാലകളിലായി 14,000 അപ്രന്റിസുകൾ പരിശീലനം നേടിവരുന്നു.

നാലാം പദ്ധതിയിൽ

നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു് വികസിച്ചുവരുന്ന വ്യവസായങ്ങളിൽ 15–16 ലക്ഷം കൈവേലക്കാർ ആവശ്യമായി വരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇവരെല്ലാം വിദഗ്ദ്ധജോലിക്കാരായിരിക്കണമെന്നില്ല. കുറേപ്പേർ അർധവിദഗ്ദ്ധജോലിക്കാരായാലും മതിയാകും. അതുകൊണ്ടു് നാലാം പദ്ധതിക്കാലത്തു് 7 ലക്ഷം വിദഗ്ദ്ധജോലിക്കാരെ പരിശീലിപ്പിക്കാനാണുദ്ദേശിക്കുന്നതു്. ഇതിനുവേണ്ടി തൊഴിൽപരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒരു ലക്ഷം സീറ്റുകൂടി ഏർപ്പെടുത്താനുദ്ദേശിക്കുന്നു. വ്യവസായത്തിൽ അപ്രന്റിസുകളുടെ പരിശീലനസൗകര്യവും വികസിപ്പിക്കും. ഈ പരിപാടി നടപ്പിലാക്കുന്നതോടുകൂടി, നാലാം പദ്ധതിയുടെ അവസാനത്തിൽ തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ 2 ലക്ഷത്തിലധികം സീറ്റുകളുണ്ടാകും. രണ്ടു സമയത്തു് 50,000 പേർക്ക് അപ്രന്റിസുകളെന്ന നിലയിൽ വ്യവസായത്തിൽ പരിശീലനത്തിനു് സൗകര്യമുണ്ടാക്കുന്നുമാണ്.

പുതിയ ഇൻസ്റ്റിറ്റ്യൂട്ടുകൾ

നിലവിലുള്ള തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾവികസിപ്പിക്കാനും പുതിയ 110 ഇൻസ്റ്റിറ്റ്യൂട്ടുകൾകൂടി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. ഈ വർഷത്തോടൊപ്പം കേന്ദ്ര പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലെ സീറ്റുകളുടെ എണ്ണം മൂന്നാം പദ്ധതിയുടെ അവസാനത്തിൽ 1932 ആയിരിക്കുന്നതു് നാലാം പദ്ധതിയുടെ അന്ത്യത്തിൽ 3104 ആക്കി വർദ്ധിപ്പിക്കുന്നുമാണ്.

രണ്ടും മൂന്നും പദ്ധതികളുടെ നിവ്വഹണത്തിൽ നിന്നു ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിൽ, പരിശീലന സമ്പ്രദായത്തിലും അനുയോജ്യമായ മാറ്റങ്ങളും വരുത്തുന്നതാണ്. ചില തൊഴിലുകൾക്കു പരിശീലനകാലം 18 മാസത്തിൽനിന്നും 2 കൊല്ലമാക്കി വർദ്ധിപ്പിക്കും. അദ്ധ്യാപകർക്ക് നൽകപ്പെടുന്ന പരിശീലനത്തിന്റെ മേന്മ വർദ്ധിപ്പിക്കാനുദ്ദേശമുണ്ട്. മൂന്നാം പദ്ധതിക്കാലത്തു് അവരുടെ പരിശീലനത്തിന്റെ കാലയളവു് അഞ്ചര മാസത്തിൽനിന്നും 9 മാസമാക്കി വർദ്ധിപ്പിച്ചു. ഇതു് ഇനി കുറഞ്ഞകൊല്ലാക്കിവർദ്ധിപ്പിക്കുന്നതാണ്. വ്യവസായ തൊഴിലാളികളുടെ പ്രായോഗികജ്ഞാനം വർദ്ധിപ്പിക്കാൻ പാർട്ട് ടൈം കോഴ്സുകളും ആരംഭിക്കുന്നുമാണ്. ഖനികളിലെ സാങ്കേതിക ജോലിക്കാർക്ക പരിശീലനം നൽകാൻ പ്രത്യേകമായി ഘനിയറ്റുവൽക്കരണ പരിശീലന വിദ്യാലയങ്ങളാരംഭിക്കാൻ തീരുമാനിക്കയും അത്തരം രണ്ടെണ്ണം ഈയിടെയാരംഭിക്കയും ചെയ്തു. നാലാം പദ്ധതിയുടെ അന്ത്യ വർഷത്തിൽ അത്തരം രണ്ടെണ്ണംകൂടി ആരംഭിക്കുന്നതുമാണ്.

എട്ടാംക്ലാസ്സ് വരെ മാത്രം പഠിച്ച് വിദ്യാഭ്യാസവിഹീനരായിട്ടുള്ള കുട്ടികൾക്ക പരിശീലനം നൽകാനുള്ള പരിപാടി കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി അത്തരമാളുകൾക്ക പരിശീലനം നൽകുന്ന വിദ്യാലയങ്ങളെ 'നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷനൽ ട്രേഡ്സി'ന്റെ പരിധിയിൽ കൊണ്ടുവരാനുദ്ദേശിച്ചിട്ടുണ്ട്. നാലാം പദ്ധതികാലത്തു് ഈ പരിപാടിയുടെ ആവശ്യത്തിലേക്ക് ഒരു പ്രത്യേക കേന്ദ്ര പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തുന്നതുമാണ്.

നാലാം പദ്ധതിക്കാലത്തു് മറ്റു ചില പരിപാടി നടപ്പാക്കാനുദ്ദേശമുണ്ട്. ഉദ്ദിഷ്ടമായ പരിപാടികൊക്കെല്ലാംകൂടി നാലാം പദ്ധതിയിൽ 131 കോടി രൂ. ചിലവുവരുമെന്നു കണക്കാക്കിയിരിക്കുന്നു. മുകളിൽ പറഞ്ഞ പരിപാടികളെല്ലാം കൈവേലക്കാരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കാനും അവരെ വ്യവസായശാലകളിൽ സ്വീകരിക്കാനും സഹായിക്കുന്നു. തൊഴിൽ വൈദഗ്ധ്യത്തിൽ ഇതിനകം രണ്ടു ദേശീയ മത്സരങ്ങൾ നടത്തിയിട്ടുണ്ട്. 1965 ജനുവരിയിൽ നടന്ന മത്സരത്തിൽ വിജയികളായ രണ്ടു പേരെ ആഗോളമത്സരത്തിനു് അമേരിക്കയിൽ അയച്ചിരിക്കുകയാണ്.

....

താലി സ്വർണ്ണംകൊണ്ടല്ലാത്തതിനാൽ കല്യാണം കലങ്ങി

കോയമ്പത്തൂർ, ഏ. 21

പെണ്ണുകെട്ടാൻ ഒരുങ്ങിച്ചെന്ന മണവാളനു് പെണ്ണിനെകിട്ടാതെ വരികയും മഹാരാഷ്ട്രാൻ മണവാട്ടിയുടെ കഴുത്തിൽ താലികെട്ടുകയും ചെയ്ത ഒരു സംഭവം ഇവിടെ ഉണ്ടായിരിക്കുന്നു.

ഗോവിന്ദമ്മാളും പഴനിസ്വാമിയും തമ്മിലുള്ള വിവാഹം നടത്താൻ തീരുമാനിച്ചിരുന്നതു് കഴിഞ്ഞദിവസമാണ്. എന്നാൽ വരൻ കൊണ്ടുവന്ന മാംഗല്യസൂത്രം സ്വർണ്ണത്തിലല്ലെന്ന പേരിൽ വരന്റെയും വധുവിന്റെയും ബന്ധുക്കൾതമ്മിൽ വഴക്കായി. ഉടനീളം വരനും കൂട്ടരും വിവാഹപന്തലിൽനിന്നു് ഇറങ്ങിപ്പോകുകയും ചെയ്തു.

ഇനി എന്തുചെയ്യണമെന്നറിയാതെ വധുവിന്റെ ബന്ധുക്കൾ അന്വരന്നു നിന്നപ്പോൾ വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ ചെന്നിരുന്ന സ്വാമിയപ്പൻ മുന്നോട്ടുചെന്നു് താൻ പെണ്ണിനെ വിവാഹം ചെയ്യാമെന്നു് സമ്മതിച്ചു. എല്ലാവർക്കും ഇതു് സമ്മതമായി. ഉടനെ ഗോവിന്ദമ്മാളും സ്വാമിയപ്പനും തമ്മിലുള്ള വിവാഹം മുഹൂർത്തത്തിൽ തന്നെ സമംഗളം നടന്നു.

....

തിരുവനന്തപുരത്തു് കോളറാ ബാധ

രണ്ടുപേർ മരിച്ചു–15 പേർ ആസ്പത്രിയിൽ

തിരു: ഏ. 20

തിരുവനന്തപുരം സിറ്റിയുടെ ചില ഭാഗത്തും സിറ്റിക്കുപുറത്തുള്ള സമീപപ്രദേശത്തും പൊറിയതോതിൽ കോളറാരോഗബാധ ഉണ്ടായിട്ടുള്ളതായി വിവരം ലഭിച്ചിരിക്കുന്നു.

ഇന്നലെ കണ്ണമ്മൂലയ്ക്കു സമീപം ഒരു പുരുഷനും അഞ്ചുദിവസം മുമ്പു് പെന്നിലോട്ടു് പ്രദേശത്തു് ഒരു സ്ത്രീയും മരിച്ചതു് കോളറാരോഗം മൂലമാണെന്നു് അധികൃതകേന്ദ്രങ്ങൾ പ്രസ്താവിച്ചു.

മെഡിക്കൽ കോളേജ് ആശുപത്രിയിലും ഡിസ്ട്രിക്ട് ആശുപത്രിയിലും ആയി കോളറാ രോഗബാധിതർ എന്നസംശയത്തിന്മേൽ പതിനാലോളം പേരെ ചികിത്സയ്ക്കു് പ്രവേശിപ്പിച്ചിട്ടുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും വന്നവരാണിവർ.

പെന്നിലോട്ടെയും കണ്ണമ്മൂലയിലെയും കേസുകളുടെ വിവരം കിട്ടിയ ഉടനെ ആരോഗ്യവകുപ്പിലേയും കോർപ്പറേഷനിലേയും അധികൃതർ ആ പ്രദേശങ്ങളിൽചെന്നു് കിണറുകൾ ക്ലോറിനേറ്റ ചെയ്യുകയും, രോഗണനാശിനികം തളിക്കുകയും രോഗനിവാരണാർത്ഥം ''ഇനോക്കുലേഷൻ'' നടത്തുകയും ചെയ്തിട്ടുണ്ട്. രോഗബാധിതർ ഉണ്ടെന്നു് സംശയിക്കപ്പെടുന്ന സ്ഥലങ്ങളിൽ എല്ലാ വീടുകളിലും ഇനോക്കുലേഷൻ നടത്താൻ ഏർപ്പാടുചെയ്തിട്ടുമുണ്ട്. കോപ്പറേഷൻ ഹെൽത്താഫീസിൽനിന്നു് ആവശ്യമുള്ളവർക്കു് കത്തിവയ്പു നടത്തിക്കൊടുക്കുന്നതാണു്. തിരുവനന്തപുരം ഡിസ്ട്രിക്ട് ആശുപത്രിയിൽ കോളറാ കേസുകൾ ചികിത്സിക്കുന്നതിനു പ്രത്യേകം ഒരു വാർഡു് ഒഴിച്ചിട്ടിട്ടുമുണ്ടു്.

വീര്യം കുറഞ്ഞ രൂപത്തിലുള്ള ഒരു തരം രോഗബാധയാണിപ്പോൾ ഉണ്ടായിട്ടുള്ളതെന്നും, ഫലപ്രദമായ രോഗനിവാരണനടപടികൾ എടുത്തിട്ടുണ്ടെന്നും അവ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങളും സഹകരിക്കണമെന്നും ഒരു ആരോഗ്യവകുപ്പു് വക്താവു് പ്രസ്താവിച്ചു. ഭയം സംഭ്രാന്തികൾക്ക അവകാശമില്ലെന്നും അദ്ദേഹം പറഞ്ഞു.

(സ്വ. ലേ)

കോട്ടയത്തുനിന്നു് പേട്ടയ്ക്കും മുഴിയാറിനും ടാൻ: സർവ്വീസ്

തിരു: ഏ. 21

കോട്ടയം–ഈരാറ്റപേട്ട ലൈനിലും കോട്ടയം–മുഴിയാർ ലൈനിലും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ അടുത്തദിവസംതന്നെ ഓടിത്തുടങ്ങുന്നതാണെന്നു് അധികൃതമായി അറിവായിരിക്കുന്നു. ഇതിനു നിയമപ്രകാരം ആവശ്യമായ നോട്ടിഫിക്കേഷനും മറ്റും നടത്തിക്കഴിഞ്ഞി

തലസ്ഥാനത്തുനിന്ന്

[സ്വ. ലേ] തിരുവനന്തപുരം, ഏ. 20

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. എസ്. രാജാറാം നാളെ ഡൽഹിക്കുപോകുന്നതാണ്. ഏപ്രിൽ 22–ാംനു- ഡൽഹിയിൽവച്ചു നടക്കുന്ന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർമാരുടെ സമ്മേളനത്തിൽ പങ്കെടുത്തശേഷം അദ്ദേഹം 23–ാംനു- തിരിച്ചെത്തും.

ചീഫ് പ്ലാന്റേഷൻസ് ഇൻസ്പെക്ടർ

ആഫ്രിക്കയിൽനിന്നു മടങ്ങിവന്ന ചീഫ് പ്ലാന്റേഷൻസ് ഇൻസ്പെക്ടർ ശ്രീ. എ. ഗോപാലൻകുട്ടി വൈദ്യരെ കോട്ടയം ചീഫ് പ്ലാന്റേഷൻസ് ഇൻസ്പെക്ടറായും അവിടെനിന്നു ശ്രീ. പി. മാധവനെ ശ്രീ. എം. പി. നാരായണമേനോനു പകരം അവധി അനുവദിച്ചു കഴിവിൽ കോഴിക്കോട് അഡീഷ്യോറിഗ് ജില്ലാ ലേബർ ആഫീസറായും സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.

സ്കോളർഷിപ്പു തുകയുടെ വീതരണം

തിരുവനന്തപുരം വിമൻസ് കോളേജിലെ, പ്രീഡിഗ്രി വിദ്യാർത്ഥിനികൾക്കുള്ള നാഷനൽ ലോൺ സ്കോളർഷിപ്പ് തുകകൾ ഏപ്രിൽ 22–ാംനു- രാവിലെ പത്തുമണിക്കും ഉച്ചയ്ക്കു രണ്ടുമണിക്കും മദ്ധ്യേ കോളേജ് ആഫ്സിൽവച്ച് വിതരണം ചെയ്യുന്നതാണെന്ന് പ്രിൻസിപ്പൽ അറിയിക്കുന്നു. സ്കോളർഷിപ്പ് വാങ്ങാനുള്ള വിദ്യാർത്ഥിനികൾ അവരുടെ പാസ്പോർട്ട് വലിപ്പത്തിലുള്ള ഒരു ഫോട്ടോയും കൊണ്ടുചെല്ലേണ്ടതാണ്.

റോക്കറ്റ് വിക്ഷേപണം

തുമ്പയിലെ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽനിന്നും ഏപ്രിൽ 25–ാംനു- മുതൽ 30–ാംനു-വരെ വൈകുന്നേരം ഏഴുമണിയോടുകൂടി റോക്കറ്റുകൾ വിക്ഷേപണം ചെയ്യുന്നതാണ്. 'സൈന്റൂർ' വിഭാഗത്തിൽപ്പെട്ട രണ്ടു ഘട്ട റോക്കറ്റുകളാണ് ഈ പരമ്പരയിൽ വിക്ഷേപിക്കപ്പെടുന്നതു്. 150 കിലോമീറ്റർ ഉയരത്തിൽവരെ എത്താനുള്ള ശക്തി ഇത്തരം റോക്കറ്റുകൾക്കുണ്ട്.

പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നല്കാൻ പരിപാടി

'കെയർ' സംഘടന നല്കുന്ന ഭക്ഷ്യധാന്യങ്ങളുപയോഗിച്ച് സംസ്ഥാനത്തെ പ്രൈമറി സ്കൂൾ കുട്ടികൾക്ക് ഉച്ചയ്ക്ക് ആഹാരം നൽകിവരുന്ന പരിപാടി അടുത്ത വിദ്യാഭ്യാസവർഷം മുതൽ കേരളത്തിലെ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഗവണ്മെന്റ് ഉത്തരവായിരിക്കുന്നു. ഇതനുസരിച്ച്, ഡിപ്പാർട്ടുമെന്റലും എയിഡഡും ആയുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അടുത്തവർഷം മുതൽ ഉച്ചക്ക് ആഹാരം നൽകുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതിലേയ്ക്കു പ്രതിവർഷം 27,109 രൂപ ചെലവ് വരുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീസ്വാതിതിരുനാൾ സംഗീതസഭ

ശ്രീസ്വാതിതിരുനാൾ സംഗീതസഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 25–ാംനു- വൈകുന്നേരം 6–30നു് മധുര "പാവൈ കലാമണ്ടം" ഭജനി സംബന്ധമായ ഒരു നൃത്തനാടകം അവതരിപ്പിക്കുന്നതാണ്. ശ്രീസ്വാതിതിരുനാളിന്റെ 152–ാംജന്മദിനവാർഷികം മേയ് 14–ാംനു- മുതൽ 16–ാംനു-വരെ സഭാവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നുമുണ്ട്.

റേഷൻകാർഡ് പരിശോധന

റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് വിഭാഗത്തിന്റെ ഇൻവിജിലൻസ് സ്ക്വാഡ് കരമന, വലിയതുറ വാർഡുകളിൽ നടത്തിയ വിശദമായ പരിശോധനകളുടെ ഫലമായി 2621 കാർഡുകളിൽനിന്നു 2758 യൂണിറ്റ് കറുപ്പു കണ്ടുകെട്ടുകയും, 258 കാർഡുകാരുടെ പേരിൽ കേസ്സെടുക്കുകയും, നെൽകൃഷിയുള്ള 22 പേരുടെ കാർഡുകൾ മരവിപ്പിക്കുകയും ചെയ്തിട്ടുള്ളതായി സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഇതുവരെയായി 25,656 യൂണിറ്റ് പ്രസ്തുത സ്ക്വാഡ് പരിശോധിച്ചതിൽ പത്തരശതമാനം കറുപ്പുചെയ്തിട്ടുണ്ട്. തിരുവനന്തപുരം സിറ്റിവാർഡുകളിലെ തുടർച്ചയായ കാർഡ് പരിശോധന മാർച്ച് 22–ാംനു- മുതൽ നടന്നുവരികയാണ്.

.....

അടിച്ചു പരുക്കേല്പിച്ചു

സ്വ. ലേ. ചാലക്കുടി, ഏ. 20

പരിയാരത്തുനിന്നു കൊടിപിടിയിൽ പരിക്കേറ്റനിലയിൽ പറഡിക്കാടൻ വാറുണ്ണി പൊരുമ്പാറൂർക്കാരനുവർഗ്ഗീസ് എന്നിവരെ ഇവിടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ചാലക്കുടിപോലീസ് ഇതുസംബന്ധിച്ചു അറക്കപ്പറമ്പിൽനേരയും മറ്റും പേരിലൊരു കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

—

സംശയകരമായ മരണം

സ്വ. ലേ. ചാലക്കുടി, ഏ. 20

കൊരട്ടിയിൽ നാല്പതുകൊല്ലം സ്ഥലവാസിയായ കണ്ണാമ്പിള്ളി വേലായുധൻ വേലായുധൻ (23) എന്ന യുവാവിന്റെ മൃതദേഹം സംശയാസ്പദമായ നിലയിൽ ഇവിടെ കൊണ്ടുവരപ്പെടുകയും പോസ്റ്റ്മോർട്ടം നടത്തുകയുംചെയ്തിരിക്കുന്നു.

വെറോലിപ്പാറ റബ്ബർപ്ലാന്റേഷനിലെ ഒരു തൊഴിലാളിയായ വേലായുധൻ വിഷുവിന് വീട്ടിൽവരികയും വിഷുകഴിഞ്ഞശേഷം പിറേറദിവസം വൈറ്റിലപ്പാറയിലത്തി ജോലിയിൻ പ്രവേശിക്കുകയുമുണ്ടായതു്. അതിനുശേഷം തിരിച്ചെത്തിയപ്പോൾ വേലായുധനു പനിയുണ്ടായതായും, ഉടനു് മരണമടയുകയുമാണുണ്ടായതെന്നു് വേലായുധന്റെ അനുജൻ കൊടുത്തിയിലെത്തുച്ചവർ വീട്ടുകാരെ ധരിപ്പിച്ചുവത്രെ. എന്നാലും വീട്ടുകാർക്കുതിൽ സംശയംതോന്നിയതിനെതുടർന്നു് അവർ പോലീസിൻ വിവരംധരിപ്പിക്കുകയും പോസ്റ്റുമോർട്ടം നടത്തുകയുമാണുണ്ടായതു്.

മൃതദേഹത്തിൽ ചില പരിക്കുകൾ കാണാനുണ്ടെന്നു് പോലീസ് കേന്ദ്രങ്ങൾ പറഞ്ഞു. പോസ്റ്റുമോർട്ടം റിപ്പോർട്ടുവായിട്ടില്ല.

.....

ജയിൽ കട്ടനാട് സന്ദർശിച്ചു

ആലപ്പുഴ, ഏ 20

കേരളഗവണ്മെന്റ് ശ്രീ എ. പി. ജയിൻ ഇന്നു രാവിലെ ആലപ്പുഴയിൽ എത്തുകയും ബോട്ടുമാർഗ്ഗം കട്ടനാടിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുവാനായി ബോട്ടുമാർഗ്ഗം പുറപ്പെട്ടിരിക്കുന്നു.

.....

ജില്ലാവികസനസമിതി യോഗം

എറണാകുളം, ഏ 21

എറണാകുളം ജില്ലാ വികസന കൗൺസിലിന്റെ ഒരു യോഗം ഏപ്രിൽ 29–ാംതീയതി രാവിലെ 10 മണിയ്ക്കു് കളക്ടറേറിൽ വച്ചു് ജില്ലാ കളക്ടരുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണു്.

....

കെട്ടിടനിർമ്മാണ കമ്മറ്റി യോഗം

കരിയച്ചിറ, ഏ 20

കരിയച്ചിറ കേരള ലൈബ്രറി കെട്ടിടനിർമ്മാണ കമ്മറ്റിയുടെ ഒരു യോഗം കൺവീനർ ഏ. ജെ. ഫ്രാൻസീസിന്റെ അദ്ധ്യക്ഷതയിൽ കൂടി, നാളിതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ചു് അവലോകനം നടത്തി. 1965 മേയ് 2–ാംതീയതി മുതൽ കെട്ടിടപണി ആരംഭിക്കുന്നതിനും ശിലാസ്ഥാപന കർമ്മം ശ്രീമാൻ സിപ്പിൾ ചെയർമാൻ സി.സി ജോജിനെകൊണ്ടു് നിർവ്വഹിപ്പിക്കുന്നതിനും തീരുമാനിച്ചു. കഴിയുന്നതും വേഗത്തിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനു് ഫണ്ടു് പിരിവും ഊർജ്ജിതപ്പെടുത്തേണ്ട ആവശ്യത്തെ കുറിച്ചു് അംഗങ്ങൾ സംസാരിച്ചു.

—

വാഴ്സിക്കം

വെള്ളാനിക്കോട്, ഏ. 19

ഇവിടെ സ്ഥാപിതമായിട്ടുള്ള സെൻറ് അഗസ്റ്റിൻസ് പള്ളിയിൽ മരിയൻസെഡലിറ്റി സൺഡേസ്കൂൾ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ വാർഷികം ആഘോഷിച്ചു. ഫാ. ജോസഫ് കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് കുന്നത്തുകുടി, ഫാ. ജോസഫ് കുന്നേൽ,

പബ്ലിക്സർവ്വീസ് കമ്മീഷൻ ഒരു കോൺഗ്രസ്സ് സബ്ബ് കമ്മറിയാകുന്നു

ഉദ്യോഗസ്ഥ നിയമനങ്ങൾക്കുപിന്നിൽ സ്വന്തക്കാർക്കു കസേരകൾ—ജയിന്റെ നേതൃത്വത്തിൽ പാസ്യമായ കോൺ: ഭരണം

(സ്വ. ലേ) തിരുവനന്തപുരം, ഏ. 21

കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷനെ കോൺഗ്രസ്സിന്റെ ഒരു സബ്ബ് കമ്മറിയായി തരംതാഴ്ത്താനുള്ള കോൺ: നേതാക്കളുടെ ഉപജാപവേല പി. പി. ഉമ്മർകോയയുടെ നിയമനത്തോടെ വിജയിച്ചിരിക്കുകയാണെന്നു് പൂണ്ടിക്കാണിക്കപ്പെടുന്നു.

ഈ ഉദ്ദേശസാദ്ധ്യത്തിനായി കോൺഗ്രസ്സിലെ മിക്ക വൻതോക്കുകളും ജയിന്റെ പക്കൽ സമ്മർദ്ദം ചെലുത്തിയെന്നും ഇപ്പോൾ വെളിക്കുവന്നിരിക്കുന്നു. അഴിമതിയില്ലാത്ത ഒരു ഭരണം വാഗ്ദാനം ചെയ്തുകൊണ്ടു് സത്യപ്രതിജ്ഞ ചെയ്ത ജയിൻ ഈ വിധമൊരഴിമതിക്കു് കൂട്ടുനിന്നതു് ലൈസ്ഥാനത്തെ ഉയന്ന ഉദ്യോഗസ്ഥന്മാരിൽ കൂടുത്ത പ്രതിഷേധത്തിനും ആശങ്കയ്ക്കും ഇടനൽകിയിട്ടുണ്ടു്.

ജോലിക്കരെ തെരഞ്ഞെടുക്കുന്നതിൽ തികഞ്ഞ നിഷ്പക്ഷത പാലിക്കാൻ ഉത്തരവാദിത്വമുള്ള ഈ കമ്മറി ഇപ്പോൾ ഒരു കോൺ: സബ് കമ്മറിയായി മാറിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പി. പി. ഉമ്മർകോയ ഒരു വലിയ കോൺ: നേതാവും മുൻ കോൺഗ്രസ്സ് മന്ത്രിയുമാണു്. മറൊരംഗം എ. പി. ഉദയഭാനുവാണു്. മുൻതിരുകൊച്ചി പ്രദേശ് കോൺ: പ്രസിഡണ്ടായിരുന്ന അള്ളം കോൺ: പ്രസിഡണ്ടായിരുന്ന 'ദീനബന്ധു'വിന്റെ മുൻപത്രാധിപരും കെ. പി. സി. സി. യുടെ മുൻ സെക്രട്ടറിയും 'ദീനബന്ധുപ്പു്" എന്ന ഒരു പുതിയ പ്രൂപ്പു് തന്നെ കോൺഗ്രസ്സ് കാരെക്കാലം വളത്തിപ്പോന്നദ്ദേഹവുമാണു്. ശേഷിക്കുന്നതു് മരിയാർപൗതമാണു്. രാഷ്ട്രീയരംഗത്തു് അത്രയൊന്നും തലപൊക്കിയിട്ടില്ലെങ്കിലും ഒരു കോൺ ഭക്തനായി പോലീസു് വകുപ്പിൽ ഭരണം നടത്തി സ്വന്തക്കാരുടെ പ്രീതി സമ്പാദിക്കാൻ കഴിഞ്ഞ ആളാണു് മരിയർ പൂതമെന്നും ഒരു പരസ്യമായ രഹസ്യമാണു്. ഇപ അംഗങ്ങളെ ഉൾപ്പെടുന്ന ഒരു കമ്മറി, അല്ല കേരളത്തിലെ പബ്ലിക് സർവ്വീസുകളിലേക്കു് നിയമനം നടത്താൻ പരമാധികാരമുള്ള ഒരു കമ്മറ്റി എങ്ങിനെ ജോലിക്കാരെ തിരഞ്ഞെടുക്കുമ്പോൾ നിഷ്പക്ഷനായ അവലംബിക്കുമെന്നാണു് ജനങ്ങൾ സംശയിക്കുന്നു്.അടുത്ത അവസരത്തിൽ പനമ്പിള്ളി ഗോവിന്ദമേനോൻ [കോൺ] ജി. ചന്ദ്രശേഖരപ്പിള്ള [കോൺ] ലീലാദാമോദരമേനോൻ [കോൺ] എന്നിവരെ ഓരോ കമ്മറികളിലേക്കു് ജയിനു മനുഷ്യ ഭരണത്തെ തുടച്ചു നിയമിച്ച കാര്യവും ഇവിടെ സ്മരിക്കുമ്പോഴാണു് പിൻവാതിലിലൂടെ താക്കോൽ സ്ഥാനങ്ങളിൽ കടന്നു പറ്റാനുള്ള കോൺഗ്രസ്സ് നേതൃത്വത്തിന്റെ വ്യഗ്രതമനസ്സിലാവുന്നതു്.

ഇതിലെല്ലാം ഗുരുതരമായ കാര്യം ഉമ്മർകോയയുടെ നിയമം അംഗീകരിപ്പിച്ചതുതന്നെ ഫോണിലൂടെ വിളിച്ചിട്ടാണെന്നു് അറിയുന്നതിലാണു്. കേഴിക്കോട്ടെ പ്രമുഖനായ ഒരു കോൺഗ്രസ്സ് നേതാവു് ഫോണിലൂടെ വിളിച്ചു് ഉമ്മർകോയയുടെ നിയമനം അംഗീകരിപ്പിക്കയണത്രെ ഉണ്ടായതു്. കോമൂഡുമായി വിരലിലെണ്ണാവുന്നദിവസത്തെ ബന്ധം മാത്രമുള്ള യു. പി. ക്കാരനായ ജയിനെ ഫോണിൽ വിളിച്ചു് ഒരു വഴിയെ സ്ഥാനത്തെയ്യുള്ള നിയമനം അംഗീകരിപ്പിക്കാൻ കോഴിക്കോട്ടു് ടൌണിലെ ഒരു കോൺഗ്രസ്സ് നേതാവിനു കഴിഞ്ഞുവെന്നവരുന്നതു്, സത്യപ്രതിജ്ഞ ചെയ്ത ഉടനെ ജയിൻ നടത്തിയ അഴിമതിയില്ലാത്ത മന്ത്രിപ്രവർത്തനത്തിനുള്ള കടുത്ത അവജ്ഞയാണെന്നതിനു് കൂടുതൽ തെളിവുകൾ വേണോ? ഇങ്ങനെ ഫോൺ ശുപാർശകളുടെ മുമ്പിൽ നട്ടെല്ലുവളയുന്ന ഒരു ഭരണാധികാരിയാണു് ജയിനെന്നു വന്നാൽ നാളെ ഇവിടെ നടമാടാൻ പോകുന്ന നാടകങ്ങൾ എന്തെല്ലുമായിരിക്കും.

ഈ സംഭവം ഉദ്യോഗസ്ഥവിഭാഗത്തിൽ കടുത്ത അമർഷം വളർത്തിയിട്ടുണ്ടെന്നാണു് അറിയാൻ കഴിയുന്നതു്. 'ശുപാർശ രാഷ്ട്രീയം' അവസാനിച്ചു എന്നു് കരുതിനിന്നിരുന്ന നല്ല ഉദ്യോഗസ്ഥന്മാരിലാണു് ഈ സംഭവം ചലനം ഉണ്ടാക്കിയിരിക്കുന്നതു്.

വഴിക്കുവഴി

സെയിൽസു് ടാക്സു് അപ്പലേറ്റു് ട്രൈബ്യൂണൽ ചെയർമാൻ സ്ഥാനത്തേയ്ക്കുള്ള നിയമനത്തിലും ഈവിധം ചില രാഷ്ട്രീയക്കാരുടെ അവിഹിത ഇടപെടലുകളും നടന്നുവെന്നു് പറയപ്പെടുന്നു. ഈ ട്രൈബ്യൂണലിന്റെ ചെയർമാനായി നിയമിക്കപ്പെടാൻ അഹ്തയുള്ള ഡി: ജഡ്ജികളുടെ ഒരു പാനൽ കേരളാ ഹൈക്കോടിയിൽനിന്നു് സമർപ്പിക്കുകയും ഈ പേരുകളിൽ ഗവണ്മെന്റുടെ അഡൈസർ അംഗീകരിക്കുകയും ചെയ്തതു. ഇതിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നു്, രണ്ടു്, മൂന്നു് എന്ന സ്ഥാനമനസരിച്ചാണു് പേരുകളും നല്കിയിരുന്നതു്. എന്നാൽ നിയമനത്തിൽ മൂന്നാംസ്ഥാനക്കാരൻ തെരഞ്ഞെടുക്കപ്പെട്ടുകയാണുണ്ടായതു്, യോഗ്യതയിൽ മറ്റു രണ്ടുപേരുമാണു് മുന്നിട്ടുനിന്നിരുന്നതെങ്കിലും മൂന്നാമത്തെ തെരഞ്ഞെടുത്തതിനൊ പിന്നിൽ ഒരു മുൻകോൺ. മന്ത്രിയുടെ സ്വാധീനമുണ്ടായിരുന്നുവെന്നതു് ഇപ്പോൾ വെളിക്കുവന്നിരിക്കുന്നു.

ഈ നിലവെച്ചു് ജയിന്റെ ഭരണം ഒരു കോൺ. ഭരണമായിരിക്കുമെന്ന ജനങ്ങളുടെ പ്രവചനത്തിനു് അംഗീകരണം കിട്ടിയിരിക്കുകയാണു്. ഉദ്യോഗസ്ഥമണ്ഡലത്തിലും പൊതുജനങ്ങളിലും ഒരുതരം മരവിപ്പു് സൃഷ്ടിക്കാൻ പര്യാപ്തമായ ഈ നീക്കം കേരളത്തെ എവിടെ കൊണ്ടെത്തിക്കുമോ, ആവോ?

....

റസിഡൻഷ്യൽ സ്കൂളുകൾ പരിപാലിക്കാൻ മെറിറ്റ് സ്കോളർഷിപ്പുകൾ

ന്യൂഡൽഹി, ഏ. 21

റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്നതിനു് മെറിറ്റു് സ്കോളർഷിപ്പുകൾ നൽകുന്ന പദ്ധതി 1965–66 ലും തുടരാൻ കേന്ദ്ര വിദ്യാഭ്യാസ വകുപ്പു് തീരുമാനിച്ചിരിക്കുന്നു. ഇതനുസരിച്ചു് രാജ്യത്തൊട്ടുക്കുള്ള വിദ്യാർത്ഥികളിൽനിന്നുമായി 31വരെ അപേക്ഷകൾ സ്വീകരിക്കപ്പെടും (റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾമാത്രം അപേക്ഷിച്ചാൽ മതിയെന്നു് അത്തം വരുന്ന മുൻ അറിയിപ്പു് തെറ്റായി.) 1966 ജനുവരി 1–നു് പ്രായമുള്ളവരും പന്ത്രണ്ടുവയസ്സിനിടയ്ക്കുള്ളവരും സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടർമാരിൽനിന്നു് ലഭിക്കുന്നതാണു്.

—•—

കാവും കാളവണ്ടിയും തമ്മിൽ കുട്ടിമുട്ടി

(സ്വ ലേ) ഇരിങ്ങാലക്കുട, ഏ 21

കാളവണ്ടിയെ എന്നു വിളിക്കുന്ന ആംഫോടിച്ചുവന്നിരുന്ന ടാക്സികാർ റാണിയിൽവെച്ചു് ചാമക്കുന്നുകാരനായ മാണി എന്നാളുടെ കാളവണ്ടിയിൽ ഇടിക്കുകയാൽ രണ്ടു കാളകൾക്കും പരുക്കു പറ്റിയ നിലയിൽ മൃഗാസ്പത്രിയിലും മണിക്കു ചില്ലറ പരുക്കുകളോടെ ആസ്പത്രിയിലും പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നു. പോലീസ് ഒരു കേസ്സു് റജിസ്റ്റർ ചെയ്തു് അനേഷണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു.

.....

മാർക്കറ്റ്

ഏപ്രിൽ 21 ചൊവ്വ

	തൃശ്ശൂർ	ആലപ്പുഴ	കൊച്ചി
വെളിച്ചെണ്ണ (കപിൻറലിനു്)	392–88	388–00	392–80
,, കൊപ്രാ അവുധി ,,	.....	337–25	337–25
,, രണ്ടാം അവുധി ,,	.....	335–00	333–75
കൊപ്ര പുകരാശി ,,	240–50	265–00	263–00
,, മതളിവു് ,,	.....	270–00	208–00
പിണ്ണാക്കു് ,,	65–00	64–00	60–00
ഉരുളൻതേങ്ങ ,,	.....	.....	365–00
തേങ്ങാ (മടൽപ്പുറം) ,,	.....	387–50	415–50
കരുമുളകു് ,,	372–00	384–00	335–50
,, വരവു് മേനി ,,	.....	437–00	340–00
,, തെക്കൻ ,,	.....	400–00	110–00
കുരുമുണ്ടി ,,	79–00	.....	110–00
മുക്കു് ,,	350–00	375–00	600–00
മഞ്ഞൾ ,,	125–00	300–00	340–00
അടയ്ക്ക ,,	.....	125–00	320–00
വെള്ളാവി ചൂരു് (20 കിലോ)	115–40	350–00	.....
കിളിചൂരു് ,,	140–50	120–00	.....
അയലോൺ തെ. (50കിലോ)	380–50	.....	.....
,, എരുമൽ ,,	400–25	.....	.....
പൂൽതൊലി ,,	110–00	.....	600–00
പച്ചോലി ,,	.....	.....	.....
പൂക്കലരി ,,	.....	.....	.....
,, (സി. ഒ.) ,,	.....	.....	.....
വാഴക്കരി ,,	.....	.....	.....
കയറു് അഴുതുതൊങ്ങു് (കപിൻറ)	.....	.....	.....
,, ആലങ്ങാടൻ ,,	.....	115–00	.....
,, ആറാട്ടുപുഴ ,,	.....	110–00	.....
അണ്ടി കപിൻറൽ	85–50	.....	.....

തൃശ്ശൂർ വാർത്തകൾ

[സ്വ. ലേ.] ഏപ്രിൽ 21

പ്രേഷിതമുന്നണി

ഹാമലി മിഷൻ ക്ലൂസെയ്ഡ് (കുടം ബപ്രേഷിതമുന്നണി) വാർഷിക പൊതുയോഗം 1965 ഏപ്രിൽ 25–നു രണ്ടുമണിക്കു് തൃശ്ശൂർ സെൻറ് മേരീസു് അനാഥശാല ഓഡിറ്റോറിയത്തിൽ വെച്ചു് നടത്തുന്നതായിരിക്കും. യോഗത്തിൽ പ്രൊഫസ്സർ ടി. കെ. മാത്യു, എം. എ. അദ്ധ്യക്ഷതവഹിക്കുന്നതും ശ്രീമാൻ സാധു പി. എം. ഇട്ടുവീര ബി. എ., മിസ്സ്: വത്സല പോളം ബി. എ. എന്നിവർ പ്രസംഗിക്കുന്നതും, ദൈവവചനസന്ദേശവും തൃശ്ശൂർ ലൂർദ്പള്ളി ഇടവകാംഗവും, നവവൈദീകനുമായ റവ: ഫാ: മാത്യു ചിരിയൻകണ്ടം അവർകൾക്കു് ഒരു സ്വീകരണം നൽകുന്നതുമായിരിക്കും. യോഗാധ്യതരം അരണാട്ടുകര എഫ്. എം. സി. "ദിവ്യബലി" എന്ന സാമൂഹ്യ സംഗീതനാടകം അവതരിപ്പിക്കുന്നതാണു്.

....

മെക്കയിൽ ലോക മുസ്ളീം സമ്മേളനം

ന്യൂഡൽഹി, ഏ 20

രാബിത അലമുൽ ഇസ്ലാമി സംഘടിപ്പിച്ച ലോക മുസ്ളീം സമ്മേളനം, സൗദി അറേബിയയിലെമെക്കയിൽ രാജാവു് കഴിഞ്ഞദിവസം മെക്കയിൽ ഉൽഘാടനംചെയ്തു. ഡെൽഹി മേയർ ശ്രീ. ഗുരുദത്ത് അഹമ്മദിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ ഔദ്യോഗിക ഇന്ത്യൻ പ്രതിനിധിസംഘം ഇതിൽ സംബന്ധിക്കുന്നുണ്ടു്.

സംഘാടകരുടെ അതിഥികളായി ഇന്ത്യൻ സംഘം എപ്രിൽ 7–നു തന്നെ മെക്കയിൽ എത്തിയിരുന്നു. സമ്മേളനം ഏപ്രിൽ 22–നു സമാപിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

—•—

എൻ. സി. സി ക്യാമ്പു് ഹെഡ്മാസ്റ്റർമാരുടെ സന്ദർശനം

എറണാകുളം, ഏ. 21

കോഴിക്കോടു്–കണ്ണൂർ ജില്ലകളിലെ ഏതാനും ഹെഡ്മാസ്റ്റർമാർ ഇന്നു്, ഇവിടെ ഗേൾസു് ഹൈസ്കൂളിൽ നടന്നവരുന്ന ജൂനിയർ ഡിവിഷൻസു് നേവൽ വിംഗ് എൻ. സി. സി. വാർഷിക പരിശീലന ക്യാമ്പു് സന്ദർശിക്കുകയുണ്ടായി.

ക്യാമ്പിന്റെ ചുമതല വഹിക്കുന്ന ലഫ്. എസ്. പ്രഭാകരനും, ലഫ്. എൻ. വി. സുബ്രഹ്മണ്യനും ചേർന്നു് ഹെഡ്മാസ്റ്റർമാരെ സ്വീകരിക്കുകയും ക്യാമ്പിന്റെ പ്രവർത്തനങ്ങൾ കാണിച്ചുകൊടുക്കുകയുംചെയ്തു. ക്യാമ്പിന്റെ നടത്തിപ്പിൽ ഹെഡ്മാസ്റ്റർമാർ അഭിനന്ദനം രേഖപ്പെടുത്തി.

ഹെഡ്മാസ്റ്റർമാരുടെ സന്ദർശനം കേഡറുകൾക്കു് ഉത്തേജനവും പ്രചോദനവും നൽകാൻവളരെസഹായകമായിട്ടുണ്ടു്.

—•—

സൂചിയേറുകാരസ്റ്റിൽ

അഭിഭാഷകരും അദ്ധ്യാപകരുംകൂട്ടിലായി

(സ്വ. പ്ര) തൃശ്ശൂർ, ഏ. 21

ഇവിടെനിന്നും ഏകദേശം അഞ്ചു് മൈൽ അകലെയുള്ള തിയ്യരിൽ നടന്നുവരുന്ന ഇമ്പീരിയൽ തീയ്യേറ്ററിൽ സൂചിയേറ് കളിച്ചിരുന്ന 29 പേരെ ടൌൺ പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു. ഇവരിൽനിന്നും 2500 ക.യും പടിച്ചെടുത്തിട്ടുണ്ടു്.

29 പേരിൽ ബഹുഭൂരിപക്ഷവും തൃശ്ശൂർ ജില്ലയുടെ വിവിധഭാഗങ്ങളിൽനിന്നും അവിടെയെത്തിയവരായിരുന്നു.

എ. ഐ. വക്കി (മാനേജർ) മുത്തയ്യാ (കാഷ്യർ) ശ്രീധരൻനായർ [സൂചി എടുത്തുകൊടുക്കുന്നയാൾ] എന്നിവരാണു് തിയ്യേറ്റർ സ്റ്റാഫിൽനിന്നും അറസ്റ്റു ചെയ്യപ്പെട്ടവർ. തിയ്യേറ്റർ പ്രൊപ്രൈറ്ററായ ജോണിയെ പിടികിട്ടിയിട്ടില്ല.

അറസ്റ്റു ചെയ്യപ്പെട്ടവരിൽ അഭിഭാഷകരും ഗവ. ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഉൾപ്പെടുന്നു.

അഡ്വ. മാത്യു, കൈരളി വില്ലേജ് കോഫീസർ ബാലകൃഷ്ണപ്പണിക്കർ, തൃശ്ശൂർക്കാരൻ അന്തോണി [സ്റ്റുഡിയോ മാസ്റ്റർ] ആലപ്പാട്ടു് ഫ്രാൻസിസു് ദേവസ്സി (ടാക്സിഡ്രൈവർ) വെള്ളത്തേടത്തു് രാമൻ മകൻ മണി, പൊന്തിവിച്ചിറ ലക്ഷ്മിക്കുട്ടിയമ്മ മകൻ ഗോപാലകൃഷ്ണപ്പു്, വടശ്ശേരി ഔസേപ്പു് മകൻ വറീതു്, മണപ്പിള്ളി ഔസേപ്പു് മകൻ ഇട്ടപ്പു്, കൊഴലിപ്പറമ്പിൽ ലോനപ്പൻ മകൻ ഔസേപ്പു് പുല്ലോക്കാരൻ വറീതു മകൻ ലോനപ്പൻ എലഞ്ഞിവീട്ടിൽ ഗോവിന്ദപ്പിള്ള സദാശിവൻനായർ എന്നിവരാണു് അറസ്റ്റ്ചെയ്തവരിൽ ഏതാനുംപേർ.

....

കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവം

[സ്വ. ലേ.) ഇരിങ്ങാലക്കുട, ഏ. 21

ഇക്കൊല്ലത്തെ കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവം വിവിധ കലാപരിപാടികളോടുകൂടി സാഘോഷം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. മെയ് 11–നു ഉത്സവം കൊടികയറ്റത്തോടുകൂടിയാണു്. ഡോ: കെ. എൻ. പിഷാരടി (പ്രസിഡണ്ടു്), പി. എൻ. കൃഷ്ണയ്യർ, സി. ആർ. കേശവൻ വൈദ്യർ (വൈ. പ്രസിഡന്റുമാർ), കെ. എൻ. സുബ്രഹ്മണ്യൻ [ജന: സെക്രട്ടറി) എന്നിവരടങ്ങുന്ന വിപുലമായ ഒരു കമ്മറിയും ഇതിന്നായി രൂപീകരിച്ചിട്ടുണ്ടു്.

അന്തിക്കാടു് ബ്ലോക്കിലെ കൃഷിപ്രദർശനങ്ങൾ

കാഞ്ഞാണി, ഏ. 21

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അന്തിക്കാടു് വികസനബ്ലോക്കിൽ നെൽകൃഷിയിൽ 87–ഉം നിലക്കടലയിൽ 50–ഉം തെങ്ങുകൃഷിയിൽ 17–ഉംപച്ചില കൃഷിയിൽ 50–ഉം അടുക്കളത്തോട്ടനിർമ്മാണത്തിൽ 14–ഉംപ്രദർശനത്തോട്ടങ്ങൾ ഏർപ്പെടുത്തുകയുണ്ടായി.

17–മത്തെ മിനിറ്ററിൽ ജോജ്ജിനു കിട്ടിയ മറ്റൊരു ചാൻസിൽ ഗോളിട്ടപോസ്റ്റിലുണ്ടായിരുന്നില്ല. ഇലക്ട്രോണിക്സിനതൊട്ടു കനത്ത നഷ്ടമായിപോയി. 20–മത്തെ മിനിറ്ററിൽ പന്തു് എംഓർ. സിയുടെ പോസ്റ്റിലേക്ക പാഞ്ഞെങ്കിലും സദാശിവൻനായരുടെമുമ്പിൽ ഭയപ്പെട്ട ജോജ്ജു് പന്തടിക്കാതെ ഒഴിഞ്ഞുമാറുകയാണുണ്ടായതു്. അടുത്ത ക്ഷണത്തിൽതന്നെ ഇലക്ട്രോണിക്സിന്റെ പോസ്റ്റിലെത്തി. എം. ആർ. സിയുടെ ലഫ്റ്റർ ഇൻ അൽഫോൻസു് നന്നായി ക്രോസ്ചെയ്തു, അവരുടെ ലഫ്റ്റർ ഔട്ടു് മുകുന്ദൻ എത്താൻ താമസിച്ചു. ഗോളി അതു് നിഷ്പ്രയാസം പിടിച്ചു. പിന്നെ രണ്ടുമിനിറ്റനേരത്തേക്കു പന്തു് ഇലക്ട്രോണിക്സിന്റെ പോസ്റ്റിൽതന്നെയായിരുന്നു. അതൊരുപൊറിഞ്ഞമത്സരംതന്നെയായിരുന്നു. ഇലക്ട്രോണിക്സിന്റെ ഗോളി ജ്ഞാനപ്രകാശത്തിന്റെ പരിക്കേറ്റു. എങ്കിലും കളി നടക്കുകതന്നെയായിരുന്നു. ഗോളി വീണതു ഗണ്യമാക്കാതെ, പോസ്റ്റിൽ ഗോളിയില്ലാതെയായിരുന്ന ആ മത്സരം നടന്നതു്. ഇലക്ട്രോണിക്സിന്റെ ഡിഫൻഡർമാരും ഇതുസിദ്ധാന്തവും കൃഷ്ണപ്പയും കൃഷ്ണാജി റാവുവും അവിടെ മരിച്ചുകളിച്ചു. പ്രഗത്ഭരായ ചിന്താനന്ദനും മുകുന്ദനും മറ്റും ചെയ്യാൻ സാധിച്ചില്ല. പന്തു് ഔട്ടായി. ഗോളിയെ സമ്മർദ്ദപ്പെടുത്തിക്കാൻ റഫറിയും മറ്റൊല്ലാവരും എത്തി. കാച്ചുന്നിമിഷങ്ങൾക്കകം അവശരായ ജ്ഞാനപ്രകാശം പന്തുക്കെ എഴുന്നേറ്റു. ജ്ഞാനപ്രകാശം മാറാൻ കൂട്ടാക്കിയില്ല.

വീണ്ടും കളി തുടർന്നു, കളിയിൽ അല്പം മാന്ദ്യം സംഭവിച്ചപോലെ തോന്നി. അപകടകരമായ സന്ദർഭങ്ങളൊന്നും കൂടാതെ കളി തുടർന്നുകൊണ്ടിരിക്കയാണു്. 30–മത്തെ മിനിറ്ററിൽ പന്തു് എം. ആർ. സി.യുടെ പോസ്റ്റിലെത്തി. ഇലക്ട്രോണിക്സിന്റെ പേസ്സിൽ പന്തുമിനിറ്റ മുമ്പു് നടന്നപോലെതന്നെ ഒരു ആപൽ ഘട്ടം എം. ആർ.സിയുടെ പോസ്റ്റിലും നടന്നു. ഇലക്ട്രോണിക്സിനു് ഒരു കോർണർ കിട്ടി, അഞ്ജഡ്ഖാൻ നന്നായടിച്ചു. പക്ഷെ ഒന്നും സംഭവിച്ചില്ല. 32–മത്തെ മിനിറ്ററിൽ അഞ്ജഡ്ഖാൻ പന്തുമായി മുന്നേറി അവരുടെ സെൻറർഫോർവേർഡു് നാഗേന്ദ്രനുകൊടുത്തു. നാഗേന്ദ്രൻ റൈറ്റ്വൂട്ടു് മുഹമ്മദ്ഗോസിനു കൊടുത്തു.മുഹമ്മദ്ഗോസു് മനോഹരമായടിച്ചു.പക്ഷെ ഒരിഞ്ചിനുതെറ്റി. 34–മത്തെ മിനിറ്ററിൽ സി. ഐ. എലിന്റെ പോസ്റ്റിൽവെച്ചു് എം. ആർ. സിക്കു് ഒരു ഫാർസ്കിക്കുകിട്ടി അതുപോസു് അതു നന്നായടിച്ചു. പക്ഷെ അവശനായ ജ്ഞാനപ്രകാശം അതുരക്ഷിച്ചു. എങ്കിലും കോർണറായി. എം. ആർ. സി. ക്കാർ ആ കോർണർകിക്കടിച്ച കന്നം സംഭവിച്ചില്ല. അധികം താമസിയാതെ ആദ്യപകുതിയവസാനിച്ചു.

രണ്ടാംപകുതി തുടങ്ങി, പന്തു് വീണ്ടും എം. ആർ. സി. യുടെ പോസ്റ്റിൽതന്നെ തത്തിക്കളിക്കാൻ തുടങ്ങി. എം. ആർ. സി. ക്കാർ പന്തു് കുടിയെടുക്കുന്ന ഏർപ്പാടു് ഇന്നു് നിർത്തിവെച്ചപോലെ തോന്നി. അവരുടെ പോസ്റ്റിൽ നിരനിരയായി നില്പുമാണു് അധികംശ്രമിച്ചിരുന്നതു്. മൂന്നാമത്തെ മിനിറ്ററിൽ അപകടകരമായ ഒരു ക്രോസ് മുഹമ്മദ് ഗോസു് കൊടുത്തു്. എന്നാൽ സമയത്തിനു് കണ്ണനവിടെ എത്തിയില്ല. തുടർന്നു് ജോജ്ജിൽ നിന്നു് മറൊരവസരം കിട്ടി, ജെസ്സു് ഔട്ടായി. ഏഴാമത്തെ മിനിറ്ററിൽ കണ്ണൻ ഒരു ഉഴക്കൻ ഷോട്ടു് കൊടുത്തു. അതും നഷ്ടപ്പെട്ടു. എം. ആർ. സി.യുടെ ഗോളിക്കു് വിശ്രമമില്ലതായി. സദാശിവൻനായരും കൂട്ടരും പകച്ചു. ഏതു് നിമിഷത്തിലും ഗോളടിക്കുമെന്ന മട്ടായിരുന്നു. തുരുതുരാ പന്തുകൊടുത്തിക്കയറി ക്കൊണ്ടിരിക്കുന്ന തിനിടയിൽ മുഹമ്മദ് ഗോഡിനർ ഒരൊന്നാന്തരം ക്രോസ് വന്നഞ്ജഡ്ഖാനു കിട്ടി. അതൊരു സുവർണ്ണാവസരമായിരുന്നു. അതുനഷ്ടപ്പെടുത്തിക്കാൻ കൂട്ടിക്കൊണ്ടുപോയതായി തോന്നി. 12–മത്തെ മിനിട്ടിൽ പന്തു് ഇലക്ട്രോണിക്സിന്റെ പോസ്റ്റിലെത്തി. ഒരു നല്ല ചാൻസ്കിട്ടി. മുകുന്ദൻ ക്രോസ്ചെയ്തു. ഗോളായി എന്നു് എല്ലാവരും വിചാരിച്ചു. കാരണം ആ ഉഴക്കോടിയ പന്തു് ജ്ഞാനപ്രകാശത്തിന്റെ അഭാവത്തിൽ പുതിയ ഗോളി പിടിക്കുമെന്നാരും പ്രതീക്ഷിച്ചില്ല. ബാറിനിറെ തൊട്ടുമുകളിൽനിന്നു ഗോളി ആ പന്തു് തട്ടിയകറിയെങ്കിലും അതൊരു കോണ്ടറായി. അതായിരുന്നു എം. ആർ. സി. യുടെ ഒരു ചാൻസ്. പക്ഷെ നിർഭാഗ്യമെന്നപോലെ അതൊരു കോണ്ടർകിക്ക കൊണ്ടുതന്നെയവസാനിച്ചു.

20–മത്തെ മിനിറ്ററിൽ അഞ്ജഡ് ഖാന്റെ ദൂരെനിന്നുള്ള ഒരു കിക്ക അന്തസ്സായിരുന്നു. ജെസ്സുഔട്ടു്. തുടർന്നാഗേന്ദ്രനു ഒരു ചാൻസ് നഷ്ടപ്പെട്ടതി. കൃഷ്ണാജിറാവും കൃഷ്ണപ്പയും എം. ആർ. സിയുടെ പോസ്റ്റിൽനിന്നു് വന്നിരുന്ന പന്തുകളെ തുടച്ചയായി അങ്ങോട്ടുതന്നെ അടിച്ചുകൊടുത്തിരുന്നു കൃഷ്ണാജിറാവുവിനെ എം. ആർ. സിയുടെ കളിക്കാരിൽ ഒരു വനിൽനിന്നു കടവയറാരിൽ ഒരു ചവുട്ടു കിട്ടി. കറെനേരം ഇരുന്നുപോയി. പിന്നെ കൃഷ്ണാജിക്കു നന്നായി കളിക്കാൻ സാധിച്ചിട്ടില്ല. ഇലക്ട്രോണിക്സിന്റെ ഫോർവേർഡുകൾക്കു ധീരമായും സമർത്ഥമായും കളിക്കാൻ സാധിച്ചിരുന്നില്ല. വല്ലാത്ത ഭയത്തോടുകൂടിയാണു് കണ്ണനും, ജോജ്ജും, നാഗേന്ദ്രനും കളിച്ചിരുന്നതു്. അഞ്ജഡ്ഖാൻ മാത്രമെ ഉറച്ചനിന്നു കളിച്ചതായി കണ്ടുള്ളു. എങ്കിലും അ.ജഡ്ഖാന്റെ കളി ഇന്നു് ആദ്യദിവസത്തെപോലെ ഫോമിലായിരുന്നില്ല. 33–മത്തെ മിനിറ്ററുമുതൽ നാലഞ്ചു നല്ല ചാൻസുകൾകൂടി എം. ആർ. സിക്ക എതിരായി ലഭിച്ചു. ഒടുവിൽ സി. ഐ. എലിനു ഗോളിനുപകരം ഒരു കോർണർ കിക്കുകൂടി കിട്ടി. കളിയങ്ങനെ ഒന്നുമില്ലാതെ അവസാനിച്ചു.

ഇന്നു് എം. ആർ. സിയുടെ പാക്കനാ കാമാച്ചിയും ഇലക്ട്രോണിക്സിന്റെ ഉഴക്കോടിയ ക്രോസുകളും കൊട്ടത്തിരുന്ന ഇക്ബാൽ അഹമ്മദും കളിച്ചിരുന്നില്ല. പകരം എം. ആർ. സി. ക്കു് ഫ്റാൻസീസും ഇലക്ട്രോണിക്സിനു് തൂസിദാസും കളിച്ചു. ഇന്നും റഫറി റഹിംതന്നെ ആയിരുന്നു, നാളെ കളി ഉണ്ടായിരിക്കുന്നതല്ല. കളിക്കാരിൽ പലരും പരിക്കേറ്റവരും അവശരുമായതാണു്കാരണം. ഈ കളി അടുത്ത ഞായറാഴ്ച ഉണ്ടായിരിക്കുന്നതാണു്.

—

Printed and Published by Paul Vappila for the A. C. P. Institute at the Thozhilali Press Trichur

കുഞ്ഞുമുഹമ്മത്തിന്റെ മരണം

കോൺസ്റ്റബിളിനെറപേരിൽ കൊലക്കേസ് ചാർജ്ജു് ചെയ്തു

എറണാകുളം, ഏ. 21

ഫോർട്ടുകൊച്ചി പോലീസ് കസ്റ്റഡിയിൽവെച്ചു് കുഞ്ഞുമുഹമ്മദ് നിര്യാതനായതുസംബന്ധിച്ചു് രാഘവൻനായർ എന്ന പോലീസുകാരനെറ പേരിൽ കൊലപാതകത്തിനു് കേസ് ചാജ്ജു് ചെയ്തിരിക്കുന്നു. അനേഷ വിധേയമായി ഡി. എസ്. പി ഈ കോൺസ്റ്റബിളിനെ സസ്പെൻറ്ചെയ്തിരിക്കുകയാണുണ്ടായതു്.

സബ്ബ് ഇൻസ്പെക്ടർ മാത്യു, മുതലാളി സംഭവസമയത്തു് സ്റ്റേഷനിൽ ഉണ്ടായിരുന്നതായി കുഞ്ഞുമുഹമ്മതിനെ ജാമ്യത്തിലെടുക്കാൻ പെന്ന ഒരു ഹോട്ടലുടമ തെളിവുകൊടുത്തിട്ടുണ്ടു്. കുഞ്ഞുമുഹമ്മതിനെ കയറിയ സൈക്കിംറിക്ഷക്കാരൻ, പോലീസ് കുഞ്ഞുമുഹമ്മതിനെ ബലമായി പിടിച്ചു് വലിച്ചിഴച്ചു് സൈക്കിംറിക്ഷയിൽ കയറുകയാണുണ്ടായതെന്നും തെളിവു് നല്കി.